# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 ലക്കം ഏപ്രിൽ 2022 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



പരിശുദ്ധ മറിയമേ,
പാപത്തെയും മരണത്തെയും കീഴ്പ്പെടുത്തി
വിജയശ്രീലാളിതനായിത്തീർന്ന
യഥാർത്ഥ സമാധാനമായ നിന്റെ തിരുക്കുമാരന്റെ
വിജയത്തിൽ ആഹ്ളാദിച്ച്,
സ്തുതിയുടെ കീർത്തനങ്ങൾ ആലപിക്കുവാൻ
ഞങ്ങളെ സഹായിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 ഉയിർപ്പു ലക്കം ഏപ്രിൽ 2022

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ:
മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ

മാനേജിംഗ് എഡിറ്റർ:
അന്നമ്മ കുളത്തൂപുരയിടം A.O.

എക്സിക്യൂട്ടീവ് എഡിറ്റർ:
ഷിനി തെരേസ് മുതുപ്ലാക്കൽ A.O.

പത്രാധിപസമിതി:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
ഡോ. അനു കുരിശുംമൂട്ടിൽ A.O.
ജിസ കൂട്ടിയാനിക്കൽ A.O.
സിജി കുന്നത്ത് A.O.

അഡ്വൈസറി ബോർഡ്:
റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ
റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ
വിൽസൺ ജോർജ്ജ് അറയ്ക്കൽ M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
ജെനി കഴുന്നടിയിൽ A.O.
മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ

ഫിനാൻസ് മാനേജർ:
അനിത ആത്രശ്ശേരിയിൽ A.O.

കവർ ഡിസൈനിംഗ് & ലേഔട്ട്
ജെ.എസ്. ഗ്രാഫിക്സ്

വാർഷിക വരിസംഖ്യ ₹ 100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

പ്രോസാണ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്ചാലിറ്റി സെന്റർ
മാങ്ങാനം പി. ഒ., കോട്ടയം 686 018
ഫോൺ: 9497588192, 0481-2578192
Email: psmktm@gmail.com

## ഉള്ളടക്കം


- പുതുജീവന്റെ ആഘോഷം 5
- സഭ: മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന സമൂഹം 7
- എന്നുള്ളിലെ ഉത്ഥിതൻ 10
- മുത്തുച്ചിപ്പി 12
- വിശ്വസാഹോദര്യം 13
- ഇടം 15
- ഈശോയുടെ സ്വന്തം 17
- മൂന്നാംപക്കം 18
- ഉത്ഥിതന്റെ ഹൃദയത്തിൽ 20
- കെ. റെയിലോ? 22
- ജഫ്താ 24
- സെനക്കിൾ തരംഗം 27
- ഈസ്റ്റർ-രഹസ്യവും മഹത്ത്വവും 28
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# ഉത്ഥിതന്റെ പക്കലേക്ക്

ഉത്ഥാനത്തിന്റെ സന്തോഷവും പ്രത്യാശയും ലോകം നൽകുന്നതുപോലെയുള്ളതല്ല. അതു സമാധാനത്തിന്റേതാണ്, കാത്തിരിപ്പിന്റേതാണ്, അയയ്ക്കലിന്റേതാണ്.

തള്ളിപ്പറഞ്ഞവർക്കും ഉപേക്ഷിച്ചുപോയവർക്കും പ്രത്യക്ഷനായി, ശക്തനായ കർത്താവായ താൻ അവരുടെ കൂടെയുണ്ടെന്ന് അവൻ തെളിവുകൊടുത്തു. എന്നിട്ടും അവർ പഴയപണിയിലേക്കു തിരികെപ്പോയി. 'രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഞങ്ങൾക്കൊന്നും കിട്ടിയില്ല' എന്നു പറഞ്ഞത് വെറുമൊരു മീൻപിടുത്തക്കാരനല്ല, ഗലീലിക്കടലിന്റെ മനസ്സറിയുന്ന മുക്കുവശ്രേഷ്ഠനാണ് എന്നത് അവരുടെ അധഃപതനത്തിന്റെ ആഴം വ്യക്തമാക്കുന്നു. വഴി തെറ്റി, തിരിച്ചുനടക്കാൻ ശരിയായ വഴികാണാതെ വിഷമിക്കുന്ന അവരുടെ അടുക്കലേക്കു ചെന്നു ഗുരു ചോദിക്കുന്നു: "നിങ്ങളുടെ കൈവശം എന്തെങ്കിലുമുണ്ടോ?" ആ ശബ്ദം തിരിച്ചറിഞ്ഞ് അതിനു മറുപടി കൊടുത്തവർക്കു ഗുരുവിന്റെ കൈ പിടിച്ചു തിരിച്ചു നടക്കാനായി.

ഉത്ഥിതനായ കർത്താവ് ഇന്നു നമുക്കു മുൻപിലും കൈ നീട്ടുകയാണ്: "നിങ്ങളുടെ പക്കൽ എന്തെങ്കിലും ഉണ്ടോ"?

ദിവ്യഗുരുവിന്റെ ഈ ചോദ്യത്തിന് എന്തു മറുപടിയാണു കൊടുക്കുവാനുള്ളതെന്ന് ഓരോരുത്തർക്കും ചിന്തിക്കാം. പൂർവ്വികന്മാർ പകർന്നുതന്ന വിശ്വാസവും ജീവിതത്തിൽ ഇന്നുവരെ അനുഭവിക്കാൻ ഇടയായ ദൈവസ്നേഹവും മാത്രമല്ല, നമ്മുടെ സമയവും കഴിവും ആരോഗ്യവുമൊക്കെ മറ്റുള്ളവരിലൂടെ ദൈവത്തിനായി കൊടുക്കേണ്ടവരാണു നാം.

"നിങ്ങൾക്കുള്ള അല്പത്തിനനുസരിച്ചു ദാനം ചെയ്യുവിൻ". നമുക്കു വളരെ കുറച്ചു സമയമേയുള്ളുവെങ്കിലും ആരോഗ്യം കുറവാണെങ്കിലും കഴിവുകൾ തീരെ ഇല്ലെന്നു കരുതുമ്പോഴും ആ ഇല്ലായ്മയിൽ നിന്നും ആവശ്യക്കാർക്കു കൊടുക്കാൻ നാം തയ്യാറാകണമെന്നതാണു ദൈവത്തിന്റെ ആഗ്രഹം. അതു നമ്മുടെ സൗകര്യത്തിനൊത്തല്ല; ദൈവം ആഗ്രഹിക്കുന്നതുപോലെ, അപരന്റെ ആവശ്യത്തിനനുസരിച്ചു കൊടുക്കുവാൻ നാം തയ്യാറാകണം. അപരനു തുണയാകാൻ സ്വയം ഇല്ലാതാകാൻ തുനിയുമ്പോൾ തീരത്ത് ഗുരു നമ്മെ കാത്തിരിക്കും. വിധവയുടെ കാണിക്കപോലെ നമുക്കുള്ള അല്പത്തിൽ നിന്നുപോലും നല്ല മനസ്സോടെ കൊടുക്കാൻ തയ്യാറാകുമ്പോൾ ആ ശബ്ദം നമുക്കും കേൾക്കാം: "വന്നു പ്രാതൽ കഴിക്കുവിൻ".

ആഴക്കടലിൽ നിന്നു ഗുരുവിന്റെ പക്കലേക്കുള്ള ദൂരം സ്വയം ദാനത്തിന്റേതാണ്, ത്യാഗത്തിന്റേതാണ്. യുദ്ധവും വർഗീയതയുമൊക്കെ അസമാധാനം സൃഷ്ടിക്കുന്ന സ്ഥലങ്ങളിൽ നടക്കുന്ന അരുതായ്മകളോർത്ത് ഉള്ളുരുകിക്കരയുന്നവർ മാത്രമാകാതെ നമ്മുടെ ജീവിതം കൊണ്ട് അതിനു പരിഹാരം ചെയ്യാം. നമുക്കു ചുറ്റുമുള്ള ചെറിയ ലോകത്തിൽ, നമ്മോടു കൂടെ ആയിരിക്കുന്നവരുടെ ഹൃദയത്തിൽ സമാധാനത്തിന്റെയും ശാന്തതയുടെയും അന്തരീക്ഷം സൃഷ്ടിക്കുവാൻ എന്തു ത്യാഗവും സഹിക്കാം, സ്വന്തം സുഖം ത്യജിക്കാം. അതിനു തയ്യാറാകുന്നവർക്കേ ഉത്ഥിതൻ നൽകുന്ന ശാശ്വതമായ സമാധാനവും സന്തോഷവും ഹൃദയത്തിൽ അനുഭവിക്കാനാവൂ. അല്ലാത്തതൊക്കെ നശ്വരം തന്നെ.

ചീഫ് എഡിറ്റർ



# ഉയിർപ്പുതിരുനാൾ പുതുജീവന്റെ ആഘോഷം

**റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ**
**പാലാ രൂപത**

**ക്രൈ**സ്തവവിശ്വാസത്തിന്റെ അടിസ്ഥാനതത്ത്വമാണ് മിശിഹായുടെ ഉയിർപ്പ്. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി നമ്മുടെ രക്ഷകനും നാഥനുമായ ഈശോമിശിഹാ ചെയ്ത രക്ഷാകരപ്രവർത്തനങ്ങളുടെ കേന്ദ്രവും ഉയിർപ്പുതന്നെ. ഈശോയുടെ ഉയിർപ്പുതിരുനാളിനെ തുടർന്നുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലമായി സീറോ മലബാർസഭയിൽ ആചരിക്കുന്നത്.

ഉയിർപ്പുകാലത്തിന്റെ കേന്ദ്രം ഉയിർപ്പുതിരുനാളാണ്. തിരുസഭയിലെ ഏറ്റവും പുരാതനമായ തിരുനാളാണിത്. ശ്ലീഹന്മാരുടെ കാലത്തുതന്നെ കർത്താവ് ഉത്ഥാനം ചെയ്ത ഞായറാഴ്ച അപ്പം മുറിക്കുന്നതിനായി ദൈവജനം ഒരുമിച്ചു കൂടിയിരുന്നു (ശ്ലീഹ 20,7). ജനങ്ങളുടെ ഇടയിലെ ദരിദ്രരായവരെ സഹായിക്കുന്നതിന് ധനശേഖരണം നടത്തിയിരുന്നതും ആ ദിവസം തന്നെയായിരുന്നു (1 കൊറി 16,2). സഭയുടെ ആദ്യകാലഘട്ടങ്ങളിൽ ഈശോയുടെ ഉത്ഥാനം എല്ലാ ആഴ്ചയിലെയും ആദ്യദിവസം അനുസ്മരിച്ചിരുന്നു. രണ്ടാം നൂറ്റാണ്ടോടുകൂടെത്തന്നെ കർത്താവിന്റെ ഉത്ഥാനത്തിന്റെ വാർഷികാനുസ്മരണം നടത്തുന്ന പതിവും ആരംഭിച്ചു.

സഭയുടെ ആരംഭകാലഘട്ടത്തിൽ യഹൂദന്മാരുടെ പെസഹാതന്നെ ക്രൈസ്തവർ ഉയിർപ്പുതിരുനാളായി ആചരിച്ചിരുന്നു. ഇന്നുള്ളതുപോലെ അന്ത്യഅത്താഴം, കുരിശുമരണം, ഉത്ഥാനം എന്നിവ വ്യത്യസ്ത ദിവസങ്ങളിൽ ആഘോഷിക്കത്തക്കവണ്ണം ആരാധനാസംവിധാനം വികാസം പ്രാപിച്ചിട്ടില്ലായിരുന്നു. എങ്കിലും ഉയിർപ്പ് എല്ലാം ഞായറാഴ്ചകളിലും ആചരിച്ചിരുന്നു. നാലാം നൂറ്റാണ്ടിൽ ജറുസലേമിൽ ആണ്ടുവട്ടത്തിലെ ഉയിർപ്പുതിരുനാളാഘോഷം നിലവിലിരുന്നതായി ജറുസലേം സന്ദർശിച്ച എതേറിയ വിവരിക്കുന്നുണ്ട്. പിന്നീട് അന്ത്യഅ

ത്താഴവും മരണവും അനുസ്മരിക്കുന്ന രീതി സഭയിൽ ആരംഭിച്ചു. പൗരസ്ത്യസുറിയാനിസഭയിൽ ആരാധനക്രമ പഞ്ചാംഗത്തിന് ഏഴാംനൂറ്റാണ്ടിൽ ഈശോയാബ് മൂന്നാമൻ പാത്രിയാർക്കീസ് നിയതരൂപം ഉണ്ടാക്കി. ഉയിർപ്പിനു ശേഷമുള്ള ഏഴ് ആഴ്ചകളെ ഉയിർപ്പുകാലം എന്ന് നാമകരണം ചെയ്തു.

ഉയിർപ്പുകാലത്തിൽ ഈശോമിശിഹായുടെ മഹത്ത്വപൂർണ്ണമായ ഉത്ഥാനമാണ് പ്രധാനവിഷയം. മനുഷ്യവർഗ്ഗത്തിനു മുഴുവനായി അവിടുന്നു കൈവരിച്ച മഹാവിജയമാണത്. മരണത്തിന് അധീനരായിരുന്ന മനുഷ്യർ ഈശോയുടെ ഉത്ഥാനത്തോടെ മരണത്തിൽനിന്ന് വിമുക്തി നേടുന്നവരായി മാറി. ഈശോയുടെ ഉയിർപ്പ് ദൈവജനത്തിന്റെ ഉയിർപ്പിന്റെ മുന്നോടിയും മാതൃകയുമാണ്. മിശിഹാതമ്പുരാൻ ഉയിർത്തെഴുന്നേറ്റതുപോലെ നാമും ഉയിർത്തെഴുന്നേൽക്കും. ഈശോയുടെ ഉയിർപ്പിലൂടെ നിത്യജീവിതത്തിലുള്ള പ്രത്യാശയിൽ അവിടുന്ന് നമ്മെ ഉറപ്പിക്കുകയും ചെയ്തു.

മരണത്തിന്റെ മേലുള്ള ഈശോയുടെ വിജയമാണ് അവിടുത്തെ ഉത്ഥാനം. കർത്താവിൽ നിദ്ര പ്രാപിക്കുന്നവരെ അവസാനദിവസംവരെ മരണം കാത്തുസൂക്ഷിക്കുന്നു. മരണം മനുഷ്യനു സ്വർഗരാജ്യത്തിലേക്കുള്ള കവാടമായി മാറുന്നു. കയ്പുനിറഞ്ഞ ഒരു ഭീകരയാഥാർത്ഥ്യമായിരുന്ന മരണം ഈശോയുടെ ഉത്ഥാനത്താൽ ക്രൈസ്തവർക്ക് മധുരമുള്ളതായി മാറി. സകലസൃഷ്ടികളും ഉത്ഥാനത്തോടെ നവീകരിക്കപ്പെട്ടു. കാരണം മിശിഹാവഴി മരണത്തിന്റെ ശക്തി നശിക്കുകയും മൃതരായവർ ജീവനിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. കർത്താവിന്റെ മഹത്ത്വപൂർണമായ ഉയിർപ്പാണ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം. മാമ്മോദീസായിലൂടെ ദൈവജനം മിശിഹായോടുകൂടെ സഹിക്കുകയും മരിക്കുകയും സംസ്കരിക്കപ്പെടുകയും ഉയിർക്കുകയും ചെയ്യുന്നു (റോമ 6,3). മാമ്മോദീസായിലൂടെ നാം കർത്താവിന്റെ പെസഹാരഹസ്യത്തിൽ പങ്കുകാരാകുന്നു. അതുകൊണ്ടാണ് ഉയിർപ്പുതിരുനാളിന്റെ ജാഗരണത്തിൽ പുരാതന ക്രൈസ്തവർ മാമ്മോദീസ നല്കിയിരുന്നത്. മാമ്മോദീസായിലൂടെ നവക്രൈസ്തവന്റെ ജീവിതം ഉയിർത്ത കർത്താവിന്റെ ജീവിതവുമായി കൂട്ടിച്ചേർക്കുകയാണ്.



# സഭ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന സമൂഹം

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

നടപടിഗ്രന്ഥത്തിന്റെ ആരംഭത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "പീഡാനുഭവത്തിനുശേഷം നാൽപതുദിവസത്തേക്ക് ഈശോ അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിച്ചു". ഈശോയുടെ ദൗത്യം ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷണമായിരുന്നല്ലോ (മർക്കോ 1,14-15). അതുതന്നെയാണ് ശ്ലീഹന്മാരുടെയും സഭയുടെയും ദൗത്യം. അതിനുള്ള ഒരുക്കമായിട്ടാണ് ഉത്ഥാനത്തിനുശേഷമുള്ള ഈശോയുടെ നാല്പതു ദിവസത്തെ നടപടിഗ്രന്ഥം അവതരിപ്പിക്കുന്നത്. ഈ ഒരുക്കത്തിനുശേഷമാണ് പന്തക്കുസ്താനുഭവവും സഭയുടെ ജനനവും സംഭവിക്കുന്നത്. ഉത്ഥാനത്തിനുശേഷം നാല്പതുദിവസം കഴിഞ്ഞാണല്ലോ സ്വർഗാരോഹണം നടന്നത്. ഉത്ഥാനം ചെയ്തെങ്കിലും സ്വർഗാരോഹിതനാകാതെ ഭൂമിയിലുള്ള തന്റെ ശ്ലീഹന്മാരെ അവരുടെ ദൗത്യനിർവ്വഹണത്തിനായി ഒരുക്കുന്ന ഈശോയെയാണ് നടപടിഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത് നാം കാണുന്നത്.

### നാല്പതുദിവസത്തെ ഒരുക്കം

നാല്പതിന്റെ പ്രാധാന്യം ശ്രദ്ധേയമാണ്. പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ ഈശോ നാല്പതുദിവസം വിജനസ്ഥലത്ത് ഉപവാസം അനുഷ്ഠിച്ചു (ലൂക്കാ 4,2). മോശ ദൈവത്തിൽനിന്ന് നിയമം ആലേഖനം ചെയ്ത കല്പലകകൾ ഏറ്റുവാങ്ങുവാൻ ഉപവാസപൂർവ്വം നാല്പതുദിവസങ്ങൾ സീനായ് പർവ്വതത്തിൽ കഴിഞ്ഞു (പുറ 34,28). ഏലിയാ പ്രവാചകനും നാല്പതുദിവസത്തെ നോമ്പാചരിച്ചു (1 രാജാ 19,8). വാഗ്ദാനനാട് കൈവശമാക്കുന്നതിനുമുമ്പ് ഇസ്രായേൽക്കാർ നാല്പതുവർഷം മരുഭൂമിയിൽ കഴിഞ്ഞു (ശ്ലീഹാ 13,18). ഈശോ ഉയിർത്തെഴുന്നേറ്റു മഹത്ത്വീകൃതനായി എന്ന സത്യം ശ്ലീഹന്മാർക്ക് അനുഭവവേദ്യമാക്കുകയും, അവിടുത്തെ സുവിശേഷം ലോകത്തിൽ ഉദ്ഘോഷിക്കുവാൻ അവരെ പരിശുദ്ധാത്മാവുവഴി ഒരുക്കുകയും ചെയ്യുന്ന ഘട്ടമായിരുന്നു ഈ നാല്പതുദിവസം.

**പ്രത്യക്ഷപ്പെടലും പഠിപ്പിക്കലും**

ഉത്ഥിതനായ ഈശോ പ്രത്യക്ഷപ്പെടുക മാത്രമല്ല, ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിക്കുകയും ചെയ്തു. ഈ പഠിപ്പിക്കൽ അരൂപിയിലുള്ള പ്രബോധനമായിട്ടാണ് നാം മനസ്സിലാക്കേണ്ടത്. അരൂപിയിലൂടെ, താൻ തിരഞ്ഞെടുത്ത ശ്ലീഹന്മാർക്ക് കല്പന നൽകി എന്നാണല്ലോ പറയുക (ശ്ലീഹ 1,1). ഈശോമിശിഹാ ഉത്ഥാനത്തിലൂടെ ജീവാത്മാവായിത്തീർന്നു (1 കൊറി 15,45). പരിശുദ്ധാത്മാവ്, 'പാറക്ക്‌ലേത്താ' അഥവാ 'ആശ്വാസപ്രദൻ' എന്ന നിലയിൽ മിശിഹായുടെ ആത്മാവാണ്. 'യോഹന്നാന്റെ പന്തക്കുസ്താ' എന്നറിയപ്പെടുന്ന ഭാഗത്ത് യോഹന്നാൻശ്ലീഹായുടെ സുവിശേഷം ഇപ്രകാരം പറയുന്നു: "ഇതുപറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,22-23). ലോകത്തിന്റെ പാപം നീക്കുവാൻ വന്ന ദൈവത്തിന്റെ കുഞ്ഞാടായ ഈശോ, ഉത്ഥാനശേഷം ശ്ലീഹന്മാരുടെ അടിസ്ഥാനത്തിൽ പണിയപ്പെട്ട സഭയിലൂടെ ആ ദൗത്യം തുടരുന്നു എന്നാണ് ഇതു സൂചിപ്പിക്കുന്നത്. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20,21) എന്നു പറഞ്ഞതിനുശേഷമാണല്ലോ അവർക്കു പരിശുദ്ധാത്മാവിനെ നല്കുന്നത്. 'സത്യാത്മാവ്' എന്നാണ് യോഹന്നാൻശ്ലീഹാ പരിശുദ്ധാത്മാവിനെ വിശേഷിപ്പിക്കുന്നത് (യോഹ 14,17). 'സത്യം' മിശിഹായുമാണ്: "ഞാൻ വഴിയും സത്യവും ജീവനുമാണ്" (യോഹ 14,6). "അവൻ എല്ലാക്കാ



ര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും, ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ 14,26) എന്ന വാഗ്ദാനം ഈശോ ശിഷ്യർക്കു നൽകിയിട്ടുണ്ട്. ഇപ്രകാരം അരൂപിയിലുള്ള മിശിഹായുടെ പ്രബോധനമായിട്ടാണ് ഈ പ്രബോധനത്തെ നാം മനസ്സിലാക്കേണ്ടത്.

## അരൂപിയിൽ ശക്തി പ്രാപിക്കുന്ന ജീവിതം

മാമ്മോദീസായിലൂടെ അരൂപിയാൽ അഭിഷിക്തരായവരാണ് എല്ലാ ക്രൈസ്തവരും. ജലത്താലും അരൂപിയാലും വീണ്ടുമുള്ള ജനനമാണല്ലോ മാമ്മോദീസാ (യോഹ 3,5). വെറും മാനുഷികമായ ജീവിതത്തിൽനിന്നും വിമുക്തരായി ദൈവികരായി ജീവിക്കുവാനുള്ള കഴിവാണ് ഈ അഭിഷേകം നമുക്കു നൽകുന്നത്. മാമ്മോദീസായിലൂടെയും സൈര്യലേപനത്തിലൂടെയും ലഭിക്കുന്ന ഈ അഭിഷേകം പരിശുദ്ധ കുർബാനയിലൂടെ നിരന്തരമായി നവീകരിക്കപ്പെട്ടുകൊണ്ടിരിക്കണം. ഈ നവീകരണം പലപ്പോഴും നടക്കാതെ പോകുന്നുണ്ട്. കുർബാന വെറുമൊരു ഭക്തിപരമായ ആചരണമായി തീരുന്നുണ്ട്. അപ്രകാരമാകാതെ അരൂപിയുടെ അഭിഷേകം നവീകരിക്കുന്ന ഒരനുഭവമായിത്തീരണം. വചനശുശ്രൂഷയിലും കൂദാശാശുശ്രൂഷയിലും സജീവമായി പങ്കെടുക്കുന്നതിലൂടെയാണ് ഈ അഭിഷേകം നവീകരിക്കപ്പെടുന്നത്. അപ്രകാരം നിരന്തരം അരൂപിയിൽ ശക്തി പ്രാപിച്ചുകൊണ്ട് ദൈവവചനാനുസൃതം അഥവാ ദൈവഹിതാനുസൃതം ജീവിക്കുവാൻ സാധിച്ചതുകൊണ്ടാണ് ശ്ലീഹന്മാർ മിശിഹായുടെ ശക്തരായ സാക്ഷികളായി മാറിയത്.

### മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന ജീവിതം

വി. ലൂക്കായുടെ സുവിശേഷത്തിൽ അവസാനമായി ഈശോ പറയുന്ന വാക്കുകൾ, ലൂക്കായുടെതന്നെ ഗ്രന്ഥമായ നടപടിഗ്രന്ഥാരംഭത്തിൽ നിറവേറുകയാണ്. സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു: "പാപമോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ ജറുസലേമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. നിങ്ങൾ ഇവയ്ക്കു സാക്ഷികളാണ്. ഇതാ എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ" (ലൂക്കാ 24,47-49). ഇപ്രകാരം ഉന്നതത്തിൽനിന്നും ശക്തി ധരിച്ച് മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന ഒരു സമൂഹമായി സഭ മാറുന്ന പ്രക്രിയയാണ് ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത് സൂചിപ്പിക്കപ്പെടുന്നത് (ശ്ലീഹ 1,3-5). ഈ പ്രക്രിയ സഭയിൽ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കണം. എങ്കിൽമാത്രമേ സഭ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന ഒരു സമൂഹമായിത്തീരുകയുള്ളൂ. ഇപ്രകാരം നിരന്തരം മിശിഹായ്ക്ക് സാക്ഷ്യംവഹിക്കുന്ന ഒരു സമൂഹമായി സഭയെ നിലനിർത്തുവാനും കെട്ടിപ്പടുക്കുവാനും എല്ലാ സഭാംഗങ്ങളും നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കണം.

ഓരോ ഭയത്തെയും തീരുമാനമില്ലായ്മയെയും ഓരോ സംശയത്തെയും മാനുഷിക കണക്കുകൂട്ടലുകളെയും തൂത്തെറിയുന്ന ശക്തമായ കാറ്റാണ് മിശിഹായുടെ ഉത്ഥാനം

ബനഡിക്ട് പതിനാറാമൻ മാർപാപ്പാ




മായാ ജേക്കബ് വിലങ്ങുപാറ
ദാപൊടി

**അ**ന്നത്തെ പരിശുദ്ധ കുർബാനയിൽ ഒരു പ്രാർത്ഥനപോലും ചൊല്ലിയില്ല. ഉള്ളിലെ നൊമ്പരം മിഴിനീരായ് പെയ്തൊഴുകുകയായിരുന്നു. രണ്ടരവയസ്സുള്ള മോൻ രണ്ടാഴ്ചയായി ഡയറിയ പിടിച്ച് അഡ്മിറ്റ് ആയിരുന്നു. ഒരു കുറവുമില്ല എന്ന അവസ്ഥയിൽ, ഡോക്ടർ സിസ്റ്റർ ഉണ്ണീശോയുടെ നൊവേന എന്റെ കയ്യിൽ തന്നു. ഏതൊരു അമ്മയ്ക്കും ഭയത്തോടെ മാത്രമേ പിന്നെ മുന്നോട്ട് നോക്കാനാവുകയുള്ളൂ. രാവിലെ കുർബാനയ്ക്ക് ഒരോട്ടമായിരുന്നു. കണ്ണുനീർത്തുള്ളികൾ കാസയിൽ തിരുരക്തത്തോടൊപ്പം ചേർക്കപ്പെട്ടു. പരിശുദ്ധ കുർബാന സ്വീകരിച്ച ഞാൻ ജീവനുള്ള എന്റെ ദൈവത്തെ കണ്ടു. അവൻ നടന്നുനീങ്ങിയത് മോന്റെ മുറിയിലേക്കായിരുന്നു എന്നു ഞാനറിഞ്ഞു. രണ്ടാഴ്ചക്കുശേഷം അന്ന് ഉച്ചയ്ക്ക് മോൻ ഭക്ഷണം കഴിച്ചു. ഉടനെ ഡിസ്ചാർജ് ആയി. പ്രതിസന്ധികളിൽ ഈ ഓർമ്മ ഇന്നും വിശ്വാസത്തിന്റെ ആശ്വാസനീരെനിക്കേകുന്നു. “കർത്താവ് നിനക്കു കഷ്ടതയുടെ അപ്പവും ക്ളേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽനിന്നു മറഞ്ഞിരിക്കുകയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും” (ഏശയ്യാ 30,20).

ഓരോ പീഡാനുഭവവും നമ്മെ ഉയിർപ്പിലേക്കു നയിക്കുന്നു. ഉത്ഥിതൻ കൂടെ ഉണ്ടാവണമെന്നു മാത്രം. ആത്മീയമായ ഒരു കാത്തിരിപ്പും ആഗ്രഹവും ഒന്നുപോലെ പ്രാധാന്യമർഹിക്കുന്നു. അതിരാവിലെ കല്ലറയിലേക്ക് ഓടിയ മറിയത്തെപ്പോലെ, എട്ടുദിവസം സ്നേഹത്തിന്റെ വാശിയിൽ കാത്തിരുന്ന തോമാശ്ലീഹായെപ്പോലെ, ഒരു കാത്തിരിപ്പ്.

ഉള്ളറിഞ്ഞ് ഉള്ളതുമുഴുവൻ കൊടുക്കുന്നവൻ തരുന്നതു സ്വീകരിക്കാൻ കരം നീട്ടാനൊരു മനസ്സു ഞാൻ കാണിക്കണം. കണ്ണടച്ചാൽ കൺമുമ്പിൽ അവൻ തെളിയണം. അതിന് ഉള്ളിലൊരു വിളി എപ്പോഴും ഉയരണം. എന്റെ വേദനയിലാണ് എനിക്കുള്ള വേദം അവൻ നൽകുന്നത്. വേദനകൾ വച്ചുനീട്ടുന്നത് തെറ്റാത്ത വീഥിയിലൂടെ നാം മുന്നോട്ട് നീങ്ങാനാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാവണം.

പലപ്പോഴും ജീവിതം വച്ചുനീട്ടുന്ന കുരിശുമായി നാം കാൽവരി കയറി ആ കാരുണ്യയുറവയിൽനിന്ന് ആവോളം നുകർന്ന് കാൽവരി ഇറങ്ങുന്നു. ഉയിർപ്പിന്റെ ദീപ്തി നമ്മൾ ഉപേക്ഷിക്കുന്നു. അതു മിശിഹായ്ക്കുമാത്രം സ്വന്തം എന്ന ധാരണ ഉള്ളിലുറപ്പിക്കുന്നു. എന്റെ പ്രത്യാശയും നിത്യാനന്ദവും കുടികൊള്ളുന്നത് അവന്റെ ഉയിർപ്പിലാണ് എന്നതു നാം മറക്കുന്നു. എന്റെ വേദനകൾ അവനോടു ചേർക്കുമ്പോൾ ഉത്ഥിതന്റെ ഉയിർപ്പിന്റെ ശക്തിയും കൃപയും എന്നിലും നിറയുന്നു.




ആത്മീയത നിറഞ്ഞ ആത്മാവ് അപ്പമായവനെപ്പോലെ ലോലമാണ്, സ്വർഗ്ഗോന്മുഖമാണ്. അപ്പത്തോളം ചെറുതായവൻ ചെറുതാകലിന്റെ വലിയ സുവിശേഷമാണ് നമ്മെ പഠിപ്പിച്ചത്. പക്ഷേ, നമ്മൾ പഠിച്ച പാഠം, ചെറുതാകാതെ എങ്ങനെ വലുതാകാം എന്നതാണോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ആത്മീയദാഹത്തോടെ ദിവ്യകാരുണ്യസന്നിധിയിലേക്ക് ഒരു നിത്യവീഥി മനസുകൊണ്ടെങ്കിലും നമുക്കു വേണം. ഉയിർത്തവൻ ചെറുകാറ്റിൽ പറക്കുന്ന അപ്പത്തോളം ചെറുതായി, ഉയർന്ന കൃപാവരങ്ങളുമായി എന്റെ കാലൊച്ചയ്ക്കായി കാതോർത്തിരിക്കുന്നു. ഒരു എമ്മാവൂസ് അനുഭവത്തിനായി പ്രാർത്ഥിച്ച് നമുക്കൊരുങ്ങാം. തിരിച്ചറിഞ്ഞാലേ തിരഞ്ഞെടുക്കപ്പെട്ടതിന്റെ വില നാം അറിയൂ. അതറിഞ്ഞാലേ ക്രൈസ്തവൻ എന്ന വിളിയുടെ മൂല്യം വെളിപ്പെടൂ. അവന്റെ ഗന്ധവും പ്രകാശവും എന്നിൽനിന്നും സ്ഫുരിക്കണം. ഈ തിരിച്ചറിവിനായി ഒരു പന്തക്കുസ്താ അനുഭവം എന്നും എന്നിലുണ്ടാവണം. പങ്കുവയ്ക്കുന്ന സ്റ്റാസ്റ്റസ് വീഡിയോയിലെ ആത്മീയ ചിന്തയാൽ എന്റെ ആത്മാവും നിറയണം. ചെയ്തുകൂട്ടലുകളാകാതെ എന്റെ ചെയ്തികൾ മൂല്യമുള്ളവയാകട്ടെ, അതിലാണ് എന്റെ ഉയിർപ്പിന്റെ പ്രകാശം എന്നോർക്കാം. മഗ്ദലനാമറിയത്തെപ്പോലെ, തോമാശ്ലീഹായെപ്പോലെ എന്റെ ഹൃദയം എല്ലാ ചെയ്തികളിലും മിശിഹായെ കാണാനുള്ള അന്വേഷണത്തിലായിരിക്കണം. അവന്റെ സ്നേഹം എന്നും പുതിയതാണ്. ഞാൻ ആഗ്രഹിക്കുന്ന നേരത്തല്ല എനിക്ക് ആവശ്യമുള്ള നേരത്ത് അവൻ മുന്നിൽ വന്നുനിൽക്കും എന്നു നമ്മളുറപ്പിക്കണം. ഉയിർപ്പിന്റെ ശോഭ എന്റെ ജീവിതത്തിലെ ഇരുളിനെ തുടച്ചുമാറ്റട്ടെ. എന്നിട്ടു നമുക്കും പറയാം: 'എന്റെ കർത്താവിനെ ഞാൻ കണ്ടു'.

സഹനം സ്നേഹത്തോടെ സ്വീകരിച്ച് മൺമറഞ്ഞവർ നമുക്കു മുമ്പേ ഗമിച്ച് ഈ തേജസ്സ് സ്വന്തമാക്കിയവരാണ്. സ്നേഹത്തിന്റെ തീവ്രതമൂലം പ്രാണൻവെടിഞ്ഞിട്ടും ഉത്ഥിതനായി അവൻ എന്റെ ഉള്ളിലെ സ്നേഹകൂദാശയായി എന്നിൽ നിത്യം വാഴുന്നു. "സ്നേഹിതർക്കുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല" (യോഹ 15,13).

ഈ ലോക ആഗ്രഹങ്ങളുടെ എണ്ണത്താൽ ജീവിതം നിറയുമ്പോഴാണ് സ്വർഗ്ഗീയസൗഭാഗ്യങ്ങൾ നമ്മിൽനിന്നും വഴിമാറുന്നത്. കിണറ്റിൽ കിടക്കുന്ന തവളയെപോലെ ചുറ്റുംനോക്കി ഞാനും നിങ്ങളും ജീവിക്കുന്നു. ഇതാണ് ജീവിതമെങ്കിൽ അവന്റെ പീഡകൾ അർത്ഥശൂന്യമാകുമായിരുന്നു. അത്ഭുതങ്ങൾ അതിനുമുൻപും അവൻ ചെയ്തിട്ടുണ്ട് എന്നു നമുക്കറിവുള്ളതാണല്ലോ. മുപ്പത്തിമൂന്നു വർഷം ജീവിച്ച് ഈ ലോകജീവിതം എങ്ങനെ പൂർത്തിയാക്കണമെന്ന് മിശിഹാ നമുക്കു കാണിച്ചുതന്നു. വേദനിച്ചുവിളിക്കുമ്പോൾ ഓടിവരുന്നത് എന്റെ വേദന നേരത്തെ അവൻ അനുഭവിച്ചതുകൊണ്ടുതന്നെയാണ്. ജീവൻ തന്നവന്, അവൻ തന്ന ആത്മാവിനെ കറയില്ലാതെ തിരിച്ചുകൊടുക്കാൻ നമ്മൾ കടപ്പെട്ടിരിക്കുന്നു. അതിനുള്ള ഒരുക്കം നമ്മൾ മനഃപൂർവ്വം മറക്കുന്നു. കുറവുകളുടെ കണക്കുകൂട്ടി നമ്മൾ വീണ്ടും കുഴിയിലേക്കു വീഴുന്നു. പുതിയ മേച്ചിൽ പുറങ്ങൾ തേടുന്നു. ഞാനെന്ന ഭാവം എന്നിൽ കുറഞ്ഞ് അവനെന്ന ഭാവത്തിലേയ്ക്ക് ഞാൻ ഉയർത്തപ്പെടണം. ഉയരാൻ ഉയർക്കാൻ എന്റെ മനസ്സിന്റെ കനം കുറച്ചേ മതിയാവൂ.



# മുത്തുച്ചിപ്പി

**അശ്വതി പുതുമന**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**വേ**ദനകൾ ഒന്നുപോലും ജീവിതത്തിൽ ഇല്ലാത്തവരായി ആരും ഭൂമിയിൽ ഇല്ല. അസഹനീയമായ ജീവിത പ്രശ്നങ്ങളിലൂടെ കടന്നുപോകുമ്പോൾ ജീവിതം മരവിച്ചു, മടുത്തു എന്നു തോന്നുമ്പോൾപോലും നാം ചിന്തിക്കാത്ത ഒരു വശം ഈ സഹനത്തിന് പിന്നിൽ ഒളിഞ്ഞിരിപ്പുണ്ട്. അതു നമുക്കു കാണിച്ചുതരാൻ ദൈവം സൃഷ്ടിച്ച ഒരു ജീവജാലം ഇന്നും നമുക്കു മാതൃകയാണ് – "മുത്തുച്ചിപ്പി". സഹനത്തിന്, വേദനയ്ക്ക് വെട്ടിത്തിളങ്ങുന്ന നന്മ യാണ് പുറപ്പെടുവിക്കാൻ സാധിക്കുകയെന്ന് മുത്തുച്ചിപ്പി നമുക്ക് പറഞ്ഞുതരുന്നു. തന്റെ ശരീരത്തിൽ പ്രവേശിക്കുന്ന മണൽത്തരിയിൽനിന്നും കുത്തിക്കൊള്ളുന്ന വേദന കടിച്ച മർത്തി അതിനെ വഹിച്ചു വഹിച്ച് അവസാനം ഒരിക്കലും നിറം മങ്ങാത്ത ശോഭ നൽകുന്ന മനോഹരമായ മുത്തുകൾ മുത്തുച്ചിപ്പികൾ നമുക്കു നല്കുന്നു.

ഒരുപാടുവേദനകൾ ഉള്ളിൽ ഒളിപ്പിച്ചാണ് നമ്മിൽ പലരും ജീവിതം മുമ്പോട്ടു നയി ക്കുന്നത്. നമ്മുടെ വേദനകൾ ഉള്ളിലൊതുക്കി മറ്റുള്ളവരെ കാണിക്കാൻ പുഞ്ചിരിച്ചുകൊണ്ട് ജീവിക്കുമ്പോൾ ഈ വേദന നമ്മുടെ ഉള്ളിന്റെയുള്ളിൽ നൈരാശ്യത്തിന്റെയോ വെറുപ്പി ന്റെയോ ഭാവങ്ങളാണോ ഉണർത്തുന്നത് എന്ന് നാം ചിന്തിക്കണം. എല്ലാ വേദനകൾക്കും നാം പ്രതീക്ഷിക്കാത്ത വെട്ടിത്തിളങ്ങുന്ന നന്മകൾ നൽകുവാനുള്ള കഴിവുണ്ട്.

വേദനകളെ നമുക്കും മുത്തുകളാക്കാം. അല്ലെങ്കിൽ നമുക്ക് മുമ്പിൽ ഉയർത്തപ്പെട്ട കുരിശിന് എന്ത് വില? അതിൽ നമുക്കുവേണ്ടി പീഡകൾ സഹിച്ച് മരിച്ചവന് എന്ത് സ്ഥാനം? വേണം, സഹനം... എന്തിനെന്നോ, ഒന്നു നിശബ്ദമാകാൻ... അല്പം ധ്യാനിക്കാൻ അതി നുശേഷം നന്മമാത്രം പുറപ്പെടുവിക്കാൻ. അങ്ങനെ ജീവിതസഹനങ്ങൾക്ക് അർത്ഥം ഉണ്ടാ വട്ടെ.



ഫ്രത്തേല്ലി തൂത്തി - 10

# വിശ്വസാഹോദര്യം

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

.

**സാ**മൂഹികവും രാഷ്ട്രീയവുമായ ഒരു സ്നേഹത്തെക്കുറിച്ച് (Social and Political Charity) 176 മുതലുള്ള പാരഗ്രാഫിൽ പാപ്പാ ഊന്നിപ്പറയുന്നുണ്ട്. രാഷ്ട്രീയക്കാരുടെ കാര്യക്ഷമതയില്ലായ്മയും അഴിമതിയും അപവാദങ്ങളും കാരണം 'രാഷ്ട്രീയം' എന്ന ആശയത്തെ ഇല്ലായ്മചെയ്യാൻ ശ്രമിക്കുന്ന ഒരു സാഹചര്യം ചില അവസരങ്ങളിൽ കണ്ടുവരുന്നുണ്ട്. ഇവിടെ നമുക്കു വേണ്ട ഒരു രാഷ്ട്രീയത്തെക്കുറിച്ച് പാപ്പാ ഓർമ്മിപ്പിക്കുന്നു. ഒന്നാമതായി വിശ്വസാഹോദര്യവും സമാധാനവും വളരുന്ന ഒരു 'ശക്തമായ രാഷ്ട്രീയം' (a powerful politics) ഉണ്ടാകേണ്ടതാണ്. രണ്ടാമതായി, പ്രതിസന്ധികളെ വൈദഗ്ധ്യത്തോടെ കൈകാര്യം ചെയ്യുന്ന ദീർഘവീക്ഷണമുള്ള ഒരു രാഷ്ട്രീയമാണ് (a far sighted politics) ഇന്ന് ആവശ്യമുള്ളത്. മൂന്നാമതായി, പൊതുനന്മയ്ക്കുവേണ്ടി സംവിധാനങ്ങളെ നവീകരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന, നല്ല രീതികളെ പ്രോത്സാഹിപ്പിക്കുന്ന, ബ്യൂറോക്രാറ്റിക് മന്ദതയെ അതിജീവിക്കുന്ന, ആരോഗ്യകരമായ ഒരു രാഷ്ട്രീയം (a healthy politics) ഉണ്ടാകണം. നാലാമതായി, ഉന്നതമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതും ഭാവിയിലേക്ക് ഗുണകരമായ പദ്ധതികൾ വിഭാവനം ചെയ്യുന്നതുമായ ഒരു രാഷ്ട്രീയം (a future - oriented and higher value based politics) ആണ് ഇന്ന് വേണ്ടത്.

രാഷ്ട്രീയസ്നേഹം (Political Love): എല്ലാമനുഷ്യരും സഹോദരീസഹോദരന്മാരാണെന്നു തിരിച്ചറിയുക എന്നതും എല്ലാവരെയും ഉൾക്കൊള്ളുന്ന സാമൂഹികസൗഹൃദം രൂപപ്പെടുത്തുക എന്നതും ഒരു ഉട്ടോപ്യൻ ആശയമല്ല. ഇത് സാദ്ധ്യമാക്കാൻ ഉതകുന്ന പദ്ധതികൾ രൂപീകരിക്കുവാൻ വലിയ പ്രതിബദ്ധതയും സമർപ്പണവും ആവശ്യമാണ്.

ഈശോ പഠിപ്പിച്ച സ്നേഹമാണ് പിന്തുടരേണ്ടത്. അപരനോടുള്ള പ്രതിബദ്ധത അതിൽ അടങ്ങിയിട്ടുണ്ട്. പരസ്പരമുള്ള കരുതലിന്റെ ചെറിയ അടയാളങ്ങളിലൂടെയാണ് സ്നേഹം പ്രകടമാകുന്നത്. അടുത്തുള്ളവരോടുള്ള ബന്ധങ്ങളിൽ മാത്രമല്ല ഈ സ്നേഹം നിലനിൽക്കേണ്ടത്. എല്ലാ തലങ്ങളിലും എല്ലാവരോടുമുള്ള ബന്ധങ്ങളിലും ഈ കരുതൽ വെളിവാക്കപ്പെടണം. വ്യക്തിഗത മാനസികാവസ്ഥകളെ അതിലംഘിക്കുന്ന സാമൂഹികാവ ബോധത്തിൽ നിന്നുമാണ് രാഷ്ട്രീയസഹാനുഭൂതി സ്നേഹം (political charity) ഉടലെടുക്കുന്നത്. സാമൂഹികസ്നേഹം (social charity) പൊതുനന്മയെ സ്നേഹിക്കാൻ നമ്മെ പഠിപ്പിക്കുന്നു.

ഫലപ്രദമായ സ്നേഹം (Effective Love): നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത് സ്നേഹത്തിന്റെ ഒരു സംസ്കാരം (a civilization of love) രൂപപ്പെടുത്താൻ വേണ്ടിയാണ്. ആത്മാർത്ഥമായ സ്നേഹത്തിന് ഒരു പുതിയ ലോകത്തെ സൃഷ്ടിക്കുവാൻ സാധിക്കും. സാമൂഹിക സ്നേഹമെന്നത് വെറുമൊരു മനോവികാരം (sentimental) മാത്രമല്ല; മറിച്ച് എല്ലാവരുടെയും വളർച്ചയ്ക്ക് ആവശ്യമായ മാർഗ്ഗങ്ങൾ തേടാനുള്ള മാർഗ്ഗം കൂടിയാണ്. ഇന്നിന്റെ ലോകത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഒരു ശക്തിയാണ് സാമൂഹിക സ്നേഹം.

സത്യത്തോടു പ്രതിബദ്ധതയുള്ള ഒരു സ്നേഹമാണ് ഉണ്ടാകേണ്ടത്. അപ്പോൾ അതു വ്യക്തിഗത വികാരങ്ങളെ അതിലംഘിക്കുന്നതും സമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടി നിലകൊള്ളുന്നതുമാകും. സത്യത്തിന്റെ വെളിച്ചവും യുക്തിയുടെ വെളിച്ചവും വിശ്വാസത്തിന്റെ വെളിച്ചവും നിറഞ്ഞ ഒരു സ്നേഹമാണ് ഉണ്ടാകേണ്ടത്.

രാഷ്ട്രീയസ്നേഹം എങ്ങനെ നിർവ്വഹിക്കണം? രണ്ടു തരത്തിലുള്ള സ്നേഹത്തെ ക്കുറിച്ചാണ് പ്രധാനമായും ഇവിടെ പറയുന്നത്. ഒന്ന്, a kind of love that is elicited - പുറത്തേക്ക് കൊണ്ടുവരപ്പെട്ട ഒരു സ്നേഹം. അതായത് സഹാനുഭൂതി എന്ന പുണ്യത്തിൽനിന്നും വ്യക്തികളെയും ജനസമൂഹത്തെയും ലക്ഷ്യമാക്കി ഒരുവന്റെ ഉള്ളിൽനിന്നും പുറപ്പെടുന്ന സ്നേഹം. രണ്ട്, a commanded love – കല്പിക്കപ്പെട്ട സ്നേഹം. പൊതുനന്മയെ ലക്ഷ്യമാക്കി ശക്തമായ സംവിധാനങ്ങൾ രൂപീകരിക്കുവാനും നിയമങ്ങൾ നിർമ്മിക്കുവാനും അതിനു സഹായകമായ സംവിധാനങ്ങൾ ക്രമപ്പെടുത്താനും ഒരാൾക്ക് പ്രചോദനം നൽകുന്ന പ്രവൃത്തികളിൽ കാണുന്ന സ്നേഹമാണിത്.

സ്നേഹത്തിന്റെ ശുശ്രൂഷകൾ രണ്ടു തരത്തിൽ ചെയ്യാം. ഒന്ന്, വേദനിക്കുന്ന ഒരാളെ ശുശ്രൂഷിക്കുന്നത് സ്നേഹത്തിന്റെ ഒരു ശുശ്രൂഷയാണ്. രണ്ട്, ഒരാൾക്ക് വേദനയ്ക്ക് കാരണമായ സാഹചര്യങ്ങളെ നീക്കംചെയ്യാൻ സഹായിക്കുകയെന്നതു മറ്റൊരു തരത്തിലുള്ള സ്നേഹത്തിന്റെ ശുശ്രൂഷയാണ്. ഉദാഹരണത്തിന്; ഒന്ന്, സാധാരണക്കാരനായ ഒരു മനുഷ്യൻ പ്രായമായ ഒരാളെ നദികടക്കാൻ സഹായിക്കുന്നത് സ്നേഹത്തിന്റെ ഒരു ശുശ്രൂഷയാണ്. രണ്ട്, ഒരു രാഷ്ട്രീയക്കാരൻ ജനങ്ങൾക്ക് എല്ലാവർക്കും നദി കടക്കാൻ വേണ്ടി ഒരു പാലം നിർമ്മിക്കുന്നത് മറ്റൊരു സ്നേഹശുശ്രൂഷയാണ്.

മറ്റൊരു ഉദാഹരണം പറഞ്ഞാൽ ഒന്ന്, വിശക്കുന്ന ഒരുവനു ഭക്ഷണം നൽകുന്നത് ഒരു സ്നേഹശുശ്രൂഷയാണ്. രണ്ട്, ഒരു സമൂഹത്തിന്റെ വിശപ്പടക്കാൻ വേണ്ടി ഒരു രാഷ്ട്രീയക്കാരൻ ഒരു ജോലി, തൊഴിൽ സംവിധാനം ക്രമപ്പെടുത്തിക്കൊടുക്കുന്നത് മറ്റൊരു സ്നേഹശുശ്രൂഷയാണ്. രാഷ്ട്രീയസ്നേഹം ഇത്തരത്തിലാണ് നിർവ്വഹിക്കപ്പെടേണ്ടത്.



# ഇടം

സാബി കോഴിക്കോട്

തട്ടാശ്ശേരിയിലെ തങ്കമ്മചേച്ചി നല്ലൊരു തറവാടിയും പാചകകലയിൽ നിപുണയുമാണ്. തങ്കമ്മചേച്ചിയുടെ താറാവിറച്ചി കൂട്ടാൻ അങ്ങ് താമരശ്ശേരിയിൽ നിന്നുവരെ ബന്ധുക്കൾ എത്താറുണ്ട്. ദൈവാനുഗ്രഹത്താൽ വന്നുകയറിയ രണ്ടു മരുമക്കൾക്കും ഈ ഗുണം ആവശ്യത്തിനുണ്ടുതാനും. ഈയിടെയായി തങ്കമ്മചേച്ചിക്ക് സ്വഭാവത്തിൽ കാര്യമായൊരുമാറ്റം. കാരണം മറ്റൊന്നുമല്ല മരുമക്കൾ രണ്ടുപേരും ഒരുമിച്ച് എവിടെ ഇരിക്കുന്നതു കണ്ടാലും ഉള്ളിലൊരു കിറുകിറുപ്പ്. മൂത്തവളോടാണ് കൂടുതൽ പ്രശ്നം.

തങ്കമ്മചേച്ചിക്കാവട്ടെ പഴയതുപോലെ പണിയൊന്നും ചെയ്യുവാൻ കഴിയുന്നുമില്ല. കൂടാതെ രോഗങ്ങളുടെ പട്ടികയിൽ ഷുഗറും പ്രഷറും കൊളസ്ട്രോളും തേയ്മാനവും എന്നുവേണ്ട എല്ലാവരും സ്ഥാനം പിടിക്കുകയും ചെയ്തു. തന്റെ സ്ഥാനം നഷ്ടപ്പെടുമോ എന്ന ഭീതി ഏറി വരുമ്പോൾ അതിനു മറുമരുന്നായി കണ്ടതിനൊക്കെ കുറ്റം പറയും. കറികൾ ഒന്നും വായിൽ വച്ച് കൂട്ടാൻ കൊള്ളില്ല... ഉപ്പ് കൂടുതൽ അല്ലെങ്കിൽ എണ്ണ കൂടുതൽ... എന്നാൽ മരുമക്കളിൽ ഒരാൾ അവിടെ ഇല്ലെങ്കിൽ എല്ലാത്തിനും നല്ല ടേസ്റ്റാണുതാനും. ചുവന്നു തുടുത്ത തങ്കമ്മയുടെ മുഖത്ത് കറുപ്പ് വീഴാതിരിക്കുവാൻ മരുമക്കൾ തന്ത്രപൂർവ്വം സാധിക്കുന്നിടത്തു നിന്നൊക്കെ ഒഴിഞ്ഞുമാറും, കുടുംബമല്ലേ കുട്ടിച്ചോറാവരുതല്ലോ...

ലോകമിന്ന് ഇടം തേടിയുള്ള നെട്ടോട്ടത്തിലാണ്. നാം ജീവിക്കുന്ന സമൂഹത്തിൽ, ജോലിസ്ഥലങ്ങളിൽ, കൂട്ടുകാരുടെയും നാട്ടുകാരുടെയും ഇടയിൽ ഒരു സ്ഥാനം മോഹിക്കാത്തവരായി നമ്മിൽ ആരാണുള്ളത്? ഇനി അഥവാ ഇവിടൊന്നും എത്തിപ്പറ്റാൻ കഴിഞ്ഞില്ലെങ്കിലും ഭർത്താവിന്റെ ഹൃദയത്തിൽ ഒരു ഇടത്തിനായി ദാഹിക്കാത്ത ഭാര്യയുണ്ടോ? മാതാപിതാക്കളുടെ ജീവിതത്തിൽ ഇടം തേടാൻ ആഗ്രഹിക്കാത്ത മക്കളും, മക്കളുടെ മനസ്സിൽ മായാതെ നില്ക്കാനാഗ്രഹിക്കാത്ത മാതാപിതാക്കളുമുണ്ടോ? സഹോദരങ്ങൾ തമ്മിലുള്ള ബന്ധത്തിലും ഇത് ബാധകമാണ്.

ചുരുക്കത്തിൽ ഇടമില്ലാതെ വരുക എന്നത് അത്യന്തം വേദനാജനകമാണ്. അതൊരുപക്ഷേ മനുഷ്യനെ ആത്മഹത്യയിൽ വരെ കൊണ്ടെത്തിക്കും. എന്നാൽ ഇടമില്ലാത്തവന്റെ നൊമ്പരമറിയുന്ന ഒരു നല്ല തമ്പുരാൻ നമുക്കുണ്ട്. ഇടം നഷ്ടപ്പെട്ടവന് ഇടം നല്കുവാൻ ഭൂമിയിൽ അവ

തരിച്ചവനല്ലേ മിശിഹാ. അവന് പിറക്കുവാൻപോലും ആരും ഇടം കൊടുത്തില്ല. കിട്ടിയതോ കാലിത്തൊഴുത്തും പിള്ളക്കച്ചയും. അത്ഭുതപ്രവർത്തകനായും, സൗഖ്യദായകനായും, പാപ വിമോചകനായും പരസ്യജീവിതത്തിലുടനീളം അവൻ ഓടി നടന്നു. പ്രശംസകളൊക്കെയും വെറും കാര്യസാധ്യങ്ങൾക്കുവേണ്ടി മാത്രമായിരുന്നെന്ന് അവനറിയാമായിരുന്നു. തന്റെ വാക്കുകളിലൂടെ അത് വ്യക്തമാക്കുകയും ചെയ്തു. കുറുനരികൾക്ക് മാളങ്ങളും ആകാശപ്പറവകൾക്കു കൂടുകളുമുണ്ട് എന്നാൽ മനുഷ്യപുത്രന് തല ചായ്ക്കുവാനിടമില്ല (മത്താ 8,20).

മരിച്ചപ്പോഴോ... സാധാരണ മനുഷ്യരെപ്പോലെ സമാധാനത്തോടെ ഭൂമിയിൽ ഒന്നുകിടന്നുമരിക്കുവാൻ പോലും അവന് ഇടം കിട്ടിയില്ല. പിന്നെയോ ആകാശത്തിനും ഭൂമിക്കും മധ്യേ ഒരു കുറ്റവാളിയെപ്പോലെ കുരിശിൽ തൂങ്ങിക്കിടന്ന് മരിക്കേണ്ടിവന്നു. അടക്കപ്പെട്ടതോ വല്ലവന്റെയും കല്ലറയിലും.

ഉത്ഥാനത്തിനുശേഷവും, ഇടം തേടിയലഞ്ഞവർക്കെല്ലാം അവൻ തന്റെ ഹൃദയത്തിൽ ഇടം നല്കി. ഇതാ ഞാൻ ലോകാവസാനംവരെ നിങ്ങളോടു കൂടെയുണ്ടായിരിക്കും എന്നുറപ്പു നല്കിക്കൊണ്ട് അവരുടെ ജീവിതത്തിന്റെ സൂക്ഷിപ്പുകാരനായി പരി. ആത്മാവിനെ ഭരമേല്പിക്കുകയും ചെയ്തു.

ജീവിതത്തിൽ ഒരിക്കലെങ്കിലും ഇടം നഷ്ടപ്പെട്ട അവസ്ഥ നമ്മെ തളർത്തിയിട്ടുണ്ടോ? എങ്കിൽ ഒന്നോർക്കുക. ഇടമില്ലാത്തവന് ഇടം നല്കാൻ വന്നവനുപോലും ഒരു തരി ഇടം കൊടുക്കാൻ തയ്യാറാവാത്തവരാണ് നാം. അപ്പോൾ പിന്നെ ഇത്തിരി ഇടംതരാമോ എന്ന്, അപരനോട് കെഞ്ചുന്നത് വ്യഥായല്ലേ... ഒന്നേ ചെയ്യാനുള്ളു. നിന്റെ കർത്താവ് ചെയ്തതുപോലെ ആർക്കും വേണ്ടാതെ തിരസ്കരിക്കപ്പെട്ടവർക്ക് ആദ്യം നിന്റെ നെഞ്ചിൽ ഇടം കൊടുക്കുക. അപ്പോൾ എല്ലാമറിയുന്ന തമ്പുരാന്റെ നെഞ്ചിൽ നിനക്കും ഇടമുണ്ടാകും.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# ഈശോയുടെ സ്വന്തം

ഒരു നിമിഷം ഞാനറിയട്ടെ നാഥാ നിൻ
ഒരിക്കലും മറക്കാത്ത നനവൂറും സ്നേഹത്തെ.
മധുകണം തോൽക്കുന്ന മധുരമാണെന്ന്
ഞാനറിയട്ടെ, അലിയട്ടെ, ആമഗ്നയാകട്ടെ.
നിറഭേദമില്ലാത്ത നിറവാർന്ന സ്നേഹമേ
നീ തന്നെയാണെന്റെ ആശാനികേതവും
കറകളകറ്റി ഞാനിന്നു നിൻചാരത്തായി
അണയുന്നു ആത്മാഭിഷേകം നീയേകണേ
മായാവിലാസങ്ങളെന്നെ വലയ്ക്കുമ്പോൾ
മാറാത്ത സനേഹിതനായ് നിന്നീടണം
മാഞ്ഞുമറയുമീ മന്നിന്റെ മോഹങ്ങൾ
എന്നെ തകർക്കാതെ എന്നും കരുതണേ
എന്നിലെ 'ഞാനിനെ' നിന്നിൽ തരുന്നിതാ
നിന്നിഷ്ടം പോലെന്നെ വാർത്തെടുത്തീടുക.
എന്നെ തകർക്കുന്ന മോഹക്കിനാവുകൾ
ചേക്കേറുവാനിടം എന്നിലുണ്ടാകാതെ-
നീയാൽ നിറയണം വചനം നിറയണം
കൃപതന്നലങ്കാരം കവചമായ് നൽകണം.
ദൈവഭയമതും സോദര സ്നേഹവും
എന്നെ നയിക്കട്ടെ; എൻസ്വന്തമാകട്ടെ.
എന്നുമാ സ്നേഹത്തിലൊന്നായ്തീരണം
എന്നേശുനാഥന്റെ മാത്രമായ് മേവണം.



**അനിത ആത്രശ്ശേരിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

# മൂന്നാംപക്കം

ജെ. മണ്ണഞ്ചേരിൽ
കാഞ്ഞിരപ്പള്ളി

**ക**ടലിൽ കാണാതായ കൊച്ചുമകനെ കാത്തിരിക്കുന്ന ഒരു കാരണവരുടെ കഥ നാം മൂന്നാംപക്കം എന്ന സിനിമയിൽ കണ്ടിരിക്കാം.

മൂന്നാംപക്കം എന്ന വാക്ക് നാം പലപ്പോഴും കേട്ടിട്ടുണ്ടാവും. കുറച്ച് നാളുകൾക്ക് മുമ്പ് കെട്ടുചിറയിൽ കാണാതായ ചെറുപ്പക്കാരെ അന്വേഷിച്ചു തളർന്നവരും പറഞ്ഞു മൂന്നാംപക്കം കിട്ടുമെന്ന്.

മൂന്നാംപക്കമെന്നത് പ്രതീക്ഷയുടെ അസ്തമയമാണ്. എല്ലാ കാത്തിരിപ്പുകളുടെയും അവസാനവുംകൂടിയാണ് മൂന്നാംപക്കം.

എല്ലാ പ്രതീക്ഷകളുടെയും ആഗ്രഹങ്ങളുടെയും അവസാനദിനമായ മൂന്നാംദിനവും പിന്നിട്ട് നാലാമത്തെ ദിനമാണ് ഗുരു അവിടെ എത്തുന്നത്. മർത്താ ഗുരുവിനോടു പറഞ്ഞു: 'അങ്ങ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കില്ലായിരുന്നു'. മറിയവും വിലപിച്ചുപറഞ്ഞത് ഇതുതന്നെ. ദുഃഖത്തിലാഴ്ന്ന സമൂഹത്തെയും, ജീവിതത്തിലെ ഏക ആശ്രയം നഷ്ടപ്പെട്ട രണ്ട് സഹോദരിമാരെയും കണ്ടപ്പോൾ ഗുരുവിന്റെ ഹൃദയം നുറുങ്ങി, കണ്ണുകൾ നിറഞ്ഞൊഴുകി.



എല്ലാ പ്രതീക്ഷകളുടെയും കാത്തിരിപ്പുകളുടെയും അവസാനം, നേടിയതും നേടാൻ ആഗ്രഹിച്ചതിന്റെയുമെല്ലാം അവസാനം, എല്ലാം തകർന്നടിഞ്ഞ് ആശയ്ക്കൊരു വകയുമില്ലാത്ത ജീവന്റെതന്നെയും അവസാനം... ഗുരു കരഞ്ഞത് അവനെ അത്രമാത്രം സ്നേഹിച്ചിരുന്നതിനാലാണ്. ആ ഗുരു എന്നെയും അതുപോലെ സ്നേഹിക്കുന്നു. എന്റെ ജീവിതത്തെ അത്രമാത്രം വിലമതിക്കുന്നു. എന്റെ പ്രതീക്ഷകളുടെ അസ്തമയത്തെ, എന്റെ ജീവിതത്തിന്റെ തകർച്ചകളുടെ നിമിഷങ്ങളെ ഗുരു മിഴിനിറഞ്ഞ് വീക്ഷിക്കുന്നു. അവസാനം ഗുരു പറഞ്ഞു: 'ലാസറേ, പുറത്തു വരൂ'. അപ്പോൾ മരിച്ചവൻ പുറത്തുവന്നു. വീണ്ടും ഗുരു ഉച്ചത്തിൽ പറഞ്ഞു: 'അവന്റെ കെട്ടുകൾ അഴിച്ചു വിടുക; അവൻ പോകട്ടെ'.

നമ്മുടെ ജീവിതത്തോടും നമുക്കു ചുറ്റുമുള്ളവരോടും ഗുരു ഇതുതന്നെ ആവർത്തിക്കുന്നു. പുറത്തുവരുക. കെട്ടുകളെല്ലാം അഴിച്ച് പുറത്തേക്കു പോവുക. നിനക്കു ചുറ്റുമുള്ളവർ ഗുരുവിന്റെ ആഗ്രഹത്തിനൊപ്പം നിൽക്കും. ഗുരു നിന്നെയും ഉയർത്തും; തകർച്ചയുടെ, നിരാശയുടെ, ദുഃഖത്തിന്റെയൊക്കെ അവസ്ഥകളിൽനിന്നും... ഒരിക്കലും ഇനി ഒരു തിരിച്ചുവരവുണ്ടാവില്ല എന്ന അന്ധകാരത്തിന്റെ അസ്തമയത്തിൽനിന്ന് ഉണർവ്വേകുന്ന, ശക്തിപ്പെടുത്തുന്ന, പുത്തൻ പ്രതീക്ഷകളും പ്രത്യാശയും നൽകുന്ന, സന്തോഷത്തിന്റെ ഉദയത്തിലേക്ക് ഗുരു നിന്നെയും ഉയർത്തും. തീർച്ച.

മരണത്തോളം തീവ്രദുഃഖത്തിൽ ആയിരിക്കുമ്പോഴും ഗത്സേമനിയിൽ തന്റെ പ്രിയ ശിഷ്യന്മാരെ മൂന്നുപ്രാവശ്യം നിദ്രയിൽനിന്ന് വിളിച്ചുണർത്തുന്ന കർത്താവാണ് നമുക്കുള്ളത്. എന്നും കൂടെ ആയിരിക്കുന്നവൻ, എല്ലാം അറിയുന്നവൻ സദാ സമയത്തും ഏതു സാഹചര്യത്തിലും എന്നെ വിളിച്ചുണർത്തി ശക്തിപ്പെടുത്തും. സംഭവിച്ചുപോയ വീഴ്ചകളെ ഓർത്ത്, ചെയ്തുപോയ തെറ്റുകളിൽ നിരാശരാകാതെ പ്രത്യാശയോടെ ഗുരുവിന്റെ വിളിക്കായി നമുക്കും കാത്തിരിക്കാം, അതിനായി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യാം.

"കണ്ണീരോടെയാണ് അവർ വരുന്നത്; എന്നാൽ ഞാനവരെ ആശ്വസിപ്പിച്ചു നയിക്കും. ഞാൻ അവരെ നീരൊഴുക്കുകളിലേക്കു നയിക്കും. അവരുടെവഴി സുഗമമായിരിക്കും; അവർക്കു കാലിടറുകയില്ല" (ജറെ 31,9).




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# ഉത്ഥിതന്റെ ഹൃദയത്തിൽ ഇടം തേടിയ അനുതാപി

അനു കുരിശുംമൂട്ടിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**തി**രുസ്നേഹസ്പർശനത്തിലൂടെ സ്വർഗ്ഗത്തെ തന്റെ ഉള്ളിൽ കുടിയിരുത്തിയ, സുവിശേഷം വരച്ചുകാട്ടിയ, ഏറ്റവും ശ്രേഷ്ഠയായ അനുതാപിയാണ് മഗ്ദലനമറിയം. ഈശോ അവളിൽനിന്ന് ഏഴു പിശാചുക്കളെ പുറത്താക്കിയപ്പോൾ ആത്മസുകൃതങ്ങളുടെ വരമഴയാൽ അവളുടെ ഉള്ള് നിറവുള്ളതായി. പിന്നീടങ്ങോട്ട് ഈശോയുടെ വാക്കും നോക്കും ഹൃദയംകൊണ്ട് ഒപ്പിയെടുക്കാൻ അവൾ വെമ്പൽകൊണ്ടു. അനുതാപം ആത്മാർപ്പണമായി. ആത്മസമർപ്പണത്തിന്റെ തികവിൽ അവൾ ശിഷ്യത്വം ജീവിച്ചു.

ഇതവളെ പരിശുദ്ധ മറിയത്തോടും ശിഷ്യഗണത്തോടും ചേർന്നിരിക്കുവാൻ പ്രേരിപ്പിച്ചു. ഈശോ സ്വന്തമാക്കിയപ്പോൾ ഈശോയുടെ ശിഷ്യസമൂഹവും പരിശുദ്ധ അമ്മയും അവൾക്ക് കൂട്ടായി. ആ അനുതാപിയെ സ്വീകരിച്ച് കൂടെ നിർത്താൻ മാതാവിനോ ശിഷ്യസമൂഹത്തിനോ വൈമനസ്യം തോന്നിയില്ല. സുവിശേഷത്തിന്റെ പൊരുൾ അന്തരാത്മാവിലേക്ക് സ്വീകരിക്കുവാനും അത് ആത്മശക്തിയായി രൂപപ്പെടാനും ഈശോ അവളുടെ നേർക്ക് ചൊരിഞ്ഞ അനന്തകാരുണ്യം കാരണമായി. ശിഷ്യത്വത്തിന്റെ മാറ്റുരയ്ക്കുന്ന ഈശോയുടെ തീവ്രസഹനങ്ങളുടെ പാതയിൽ തളരാതെ കാൽവരിയോളം പിൻതുടർന്നവരിൽ മഗ്ദലനാമറിയം മുന്നിൽതന്നെ. മനുഷ്യരക്ഷയ്ക്കുവേണ്ടി ഈശോ ഏറ്റെടുത്ത വേദനകൾക്കും അവിടുത്തെ മരണത്തിനും സാക്ഷിയായി സുവിശേഷം മഗ്ദലനാമറിയത്തെ വരച്ചുകാട്ടുന്നു. "ഈശോ ഗലീലയിൽ ആയിരുന്നപ്പോൾ അവനെ അനുഗമിക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത മഗ്ദലനാക്കാരി മറിയവും ... ഇതെല്ലാം കണ്ടുകൊണ്ട് അല്പം അകലെനിന്നിരുന്നു" (മത്താ 27,56; മർക്കോ 15,40-41). ഈശോയെ കുരിശിൽനിന്ന് ഇറക്കിയപ്പോഴും അവിടുത്തെ കബറടക്കിയപ്പോഴും എല്ലാം

സസൂക്ഷ്മം വീക്ഷിച്ച് അവൾ ഒപ്പമുണ്ടായിരുന്നു (ലൂക്കാ 23,55). 'നിർമ്മലമായ കച്ചയിൽ പൊതിഞ്ഞ്... പാറയിൽ വെട്ടിയുണ്ടാക്കിയ പുതിയ കല്ലറയിൽ ഈശോയെ കബറടക്കിയപ്പോൾ, കല്ലറയുടെ വാതിൽക്കൽ വലിയ കല്ല് ഉരുട്ടിവച്ചപ്പോൾ, മഗ്ദലനാമറിയം കല്ലറയ്ക്ക് അഭിമുഖമായി ഇരിക്കുന്നുണ്ടായിരുന്നു' (മത്താ 27,61). സാബത്തിനുശേഷം അവിടേക്ക് തിരിച്ചെത്താൻ വെമ്പൽകൊണ്ട് അവൾ മടങ്ങിപ്പോയി സുഗന്ധദ്രവ്യങ്ങളും പരിമളതൈലങ്ങളും ഒരുക്കി.

ഉത്ഥാനസന്തോഷത്തിന്റെ സുവിശേഷപ്പുലരിയുണരുന്നത് മഗ്ദലനാമറിയത്തിന്റെ വിവരണവുമായാണ്. "ഉത്ഥിതനായ ഈശോ, ഞായറാഴ്ച അതിരാവിലെ താൻ ആരിൽനിന്ന് ഏഴു പിശാചുക്കളെ പുറത്താക്കിയോ ആ മഗ്ദലനാക്കാരി മറിയത്തിന് ആദ്യമേ പ്രത്യക്ഷപ്പെട്ടു" (മർക്കോ 16,7).

രക്ഷയുടെ മഹാരഹസ്യങ്ങളുടെ പൂർത്തീകരണമായ ഈശോയുടെ ഉത്ഥാനത്തിന്റെ ആദ്യ സാക്ഷി! ദൈവകാരുണ്യത്തിന്റെ ആർദ്രത തെളിയിക്കാൻ ഈശോ എടുത്ത ഉപമയാണ് മഗ്ദലനമറിയം. ലോകദൃഷ്ടിയിൽ എത്ര പാപിയായാലും അവനിൽ പരിശുദ്ധിയുടെ വെണ്മ നിറയ്ക്കാൻ പോന്ന ദൈവകാരുണ്യത്തിന്റെ ദൃഷ്ടാന്തം! ഉത്ഥിതന്റെ പ്രകാശരശ്മിയിൽ മഗ്ദലനാമറിയം വെളിവാക്കുന്ന സുവിശേഷപാഠങ്ങൾ വലുതാണ്:

- ⇨ അനുതാപം ആത്മാർത്ഥമായിരിക്കട്ടെ.
- ⇨ ദൈവകാരുണ്യത്തിൽ സംശയിക്കാതിരിക്കുക.
- ⇨ സഹനത്തിലും കുരിശിലും മരണത്തിലും കബറടക്കത്തിലും ഈശോയുടെകൂടെ ആയിരുന്നെങ്കിലേ ഉത്ഥാനപ്പുലരി ദർശിക്കാൻ ഭാഗ്യമുണ്ടാവൂ.
- ⇨ കൂട്ടത്തിലായിരിക്കുക, കൂടെയായിരിക്കുക, കൂട്ടായ്മയിലായിരിക്കുക - അവിടെയേ നിന്റെ നിരാശകൾക്കും ഭയത്തിനും ഉത്തരമില്ലാത്ത ചോദ്യങ്ങൾക്കും മറുപടി ലഭിക്കൂ.
- ⇨ വലിയ കല്ല് ഉരുട്ടിമാറ്റാൻ കെല്പില്ലാതിരിക്കെ ഗുരുവിന്റെ അടുത്തേക്ക് ഇരുട്ടായിരിക്കുമ്പോൾതന്നെ പാഞ്ഞെത്താൻ കാണിച്ച ധൈര്യത്തിന്റെ മറുവാക്കാണ് വിശ്വാസം!

***നാം നമ്മുടെ മാനസാന്തരം മരണംവരെ വീണ്ടും വീണ്ടും മാറ്റിവച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, മരണസമയത്ത് അതിനു സമയമോ ശക്തിയോ ലഭിക്കുമെന്ന് ആർക്കു പറയാൻ കഴിയും?***

***വി. ജോൺ മരിയ വിയാനി***






# കെ. റെയിലോ?

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**വി**ശപ്പാണ് ഇന്ന് മനുഷ്യൻ ലോകത്ത് അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ ദുഃഖം എന്നു വിശേഷിപ്പിക്കുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. കൊടിയ ദാരിദ്ര്യംമൂലം കഷ്ടപ്പെടുന്ന അനേകായിരം കുടുംബങ്ങളും ഒരു നേരത്തെ ആഹാരമെങ്കിലും ശരിയായി ലഭിക്കാതെ തെരുവുകളിലും പാതയോരങ്ങളിലും തീരാവേദനയുടെ നേർകാഴ്ചകളായി മാറുന്ന കുട്ടികളും നമ്മുടെ മനസ്സാക്ഷിയെ തെല്ലൊന്നുമല്ല വേദനിപ്പിക്കുന്നത്. സമ്പത്തിന്റെ ആധിക്യം ഒരുവന് മറ്റുള്ളവന്റെ അവകാശങ്ങളെ ചൂഷണംചെയ്യാനും അവനെ ആക്രമിക്കാനും പ്രേരണ നൽകുകയും അധികാരത്തിന്റെയും അടിച്ചമർത്തലിന്റെയും വഴിയിലൂടെ ലക്ഷ്യം സാധിക്കാനുള്ള ഉപാധിയായിത്തീരുകയും ചെയ്യുന്നുണ്ടോ എന്നതു വിലയിരുത്തപ്പെടേണ്ട കാര്യമാണ്. സ്നേഹത്തിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന മനുഷ്യരുടെ എണ്ണം ഇന്ന് ശാരീരികദാരിദ്ര്യം അനുഭവിക്കുന്ന മനുഷ്യരെക്കാൾ കൂടുതലാണ് എന്നതും നാം ഓർക്കണം.

ദൈവം മനുഷ്യന്റെയുള്ളിൽ നിക്ഷേപിച്ചിരിക്കുന്ന സ്നേഹമെന്ന വികാരം തന്റെതന്നെ സന്തോഷത്തിനും നിലനിൽപ്പിനും വേണ്ടി മാത്രം വിനിയോഗിക്കുന്നതിലേക്ക് മനുഷ്യന്റെ തൃഷ്ണ വളർന്നുകൊണ്ടിരിക്കുകയാണ്. ആത്മദാനപരമായ ഒന്നായി സ്നേഹം വളരുന്നില്ലെങ്കിൽ സ്വാർത്ഥതയുടെ അടിവേരുകൾ പാകിയ വൻമരമായി അതു പന്തലിക്കാൻ ഇടയാകുമെന്നു മാത്രമല്ല സമീപത്തുള്ള ഒന്നിനും നിലനിൽപ്പില്ലാതെ വരുകയും ചെയ്യും. ഇങ്ങനെയുള്ള സ്വാഭീഷ്ട ചിന്താശൈലി സ്വീകരിക്കുന്നതുവഴി ജീവിതത്തിൽ ചില അതിർത്തിക്കല്ലുകൾ സ്ഥാപിക്കാൻ മനുഷ്യൻ തീരുമാനമെടുക്കുന്നു. ഈ തീരുമാനത്തിന്റെ ഫലം അസ്വസ്ഥതയുടെയും

വെറുപ്പിന്റെയും അധികാരപ്രമത്തതയുടെയും അസമത്വത്തിന്റെയും പുക നിറഞ്ഞ അന്തരീക്ഷം സൃഷ്ടിക്കപ്പെടും എന്നതാണ്. വ്യക്തികൾക്കിടയിലും രാജ്യങ്ങൾക്കിടയിലും വൻമതിലുകൾ ഉയർന്നുകൊണ്ടിരിക്കുകയാണ്.

നാം ജീവിക്കുന്ന കാലഘട്ടത്തിൽ മനുഷ്യാവകാശ ലംഘനത്തിന്റെ ഭീകരമുഖം ദൃശ്യമായിക്കൊണ്ടിരിക്കുന്നു. യുദ്ധത്തിന്റെ വറുതി അനുഭവിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങളെയും നിരാലംബരായ വൃദ്ധജനങ്ങളെയും പിഞ്ചുകുഞ്ഞുങ്ങളെയും തകർന്നു തരിപ്പണമായി കിടക്കുന്ന വൻനഗരങ്ങളെയും കണ്ടില്ലെന്നു നടിച്ച് തങ്ങളുടെ ആധിപത്യം ഉറപ്പിക്കാൻ ഒരു രാജ്യത്തിന്റെതന്നെ സമൂലനാശത്തിന് കോപ്പുകൂട്ടി ഇറങ്ങുന്നവരും വർഗീയ ധ്രുവീകരണം ലക്ഷ്യമാക്കി പരസ്പരം കൊല്ലുകയും കൊല്ലിക്കുകയും ചെയ്യുന്നതിൽ അഭിമാനിക്കുന്നവരും ലോക സമാധാനം തകർക്കുകയാണ് എന്ന തിരിച്ചറിവില്ലാത്തവരാണെന്നു കരുതാൻ സാധിക്കില്ല. സ്വാർത്ഥത കൂടിവാണ് അഴുകി നശിക്കുന്ന സമൂഹ മനഃസാക്ഷിയിൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉപ്പു വിതറുവാൻ കെൽപ്പുള്ള, ആത്മധൈര്യമുള്ള മിശിഹായുടെ സാക്ഷികളെയാണ് ഇന്നിന് ആവശ്യം. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നത് അധിനിവേശങ്ങളെ തടയാനാണല്ലോ. ഹൃദയത്തിലും ജീവിതത്തിലും മറ്റുള്ളവർക്ക് ഇടം കൊടുക്കാതിരിക്കുന്നത് പരസ്പരം കാഴ്ചകൾ മറച്ചുകൊണ്ട്, സമീപത്തുള്ളവരെ അവഗണിച്ചുകൊണ്ട്, അനന്തമായി നീളുന്ന കെ.റെയിൽ പദ്ധതിക്കു തുല്യമാണെന്നു നാം തിരിച്ചറിയണം.

വ്യക്തികളെയും സമൂഹങ്ങളെയും സംസ്കാരങ്ങളെയും നാം പണിതുയർത്തുന്ന മതിൽകെട്ടിനുപുറത്തു നിർത്തുന്നതല്ല മാനവികത, മറിച്ച് വിശ്വസാഹോദര്യത്തിന്റെയും ഉദാത്തമായ സ്നേഹത്തിന്റെയും വാതായനങ്ങൾ തുറന്നു നൽകുന്ന പരസ്പരപൂരകത്വത്തിന്റെ അനുരണനമാണ്. അതിനാൽ മനസ്സുകളിൽ നാട്ടിയിരിക്കുന്ന അതിർക്കല്ലുകൾ പറിച്ചുകളഞ്ഞ് ഓരോ വ്യക്തിയെ സംബന്ധിച്ചുമുള്ള ദൈവിക പദ്ധതിയുടെ അവതാരകരും അഭിഭാഷകരുമായി ലോകത്തെ ഈശോയുടെ പ്രകാശത്തിലേക്ക്, ഉയിർപ്പിന്റെ പുലരിയിലേക്ക് നയിക്കുവാൻ നമുക്ക് തീരുമാനമെടുക്കാം.

***"നാളത്തെ ലോകത്തിന് അതിർത്തികൾ തിരിക്കാനുള്ള പണമോ ആർഭാടമോ അല്ല ആവശ്യം. പ്രത്യുത, ആഴമായ ക്രിസ്തീയചൈതന്യമുള്ളവരും സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളിൽ വിട്ടുകൊടുത്ത് അവിടുന്നിൽ ആശ്രയിക്കുന്നവരുമായ വ്യക്തികളെയാണ്".***

***ദൈവദാസൻ വില്യം ജക്വീന്താ***



**പിതൃമൊഴി**

# ജഫ്താ

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഇസ്രായേലിനെ നയിച്ച ന്യായാധിപന്മാരിൽ ഒരാളാണ് ജഫ്താ. ഗിലയാദ് ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്. ഗിലയാദിന് വേശ്യയിലുണ്ടായ ജഫ്തായ്ക്ക് പിതാവിന്റെ അവകാശം നിഷേധിച്ചുകൊണ്ട് നിയമാനുസൃത പുത്രന്മാർ അവനെ പുറത്താക്കി. സഹോദരന്മാരുടെ എതിർപ്പുമൂലം അവൻ ഒളിച്ചോടുകയും നോബ് എന്ന ദേശത്തുചെന്ന് താമസിക്കുകയും ചെയ്തു. അവിടെ ഒരു കൊള്ളസംഘത്തിൽചേർന്ന് അതിന്റെ നേതാവായി.

രാജാക്കന്മാരോ നേതാക്കളോ ഇസ്രായേലിനെ നയിക്കുവാനില്ലാതിരുന്നപ്പോൾ അവർ ദൈവത്തെ ആരാധിക്കുന്നതിനുപകരം അന്യദേവന്മാരെ സേവിച്ചു. അങ്ങനെ ദൈവത്തിന് എതിരായി പാപംചെയ്തു. അതിനാൽ അവിടുന്ന് അവരെ ഫിലിസ്ത്യർക്കും അമ്മോന്യർക്കും ഏല്പിച്ചുകൊടുത്തു. അവർ ഇസ്രായേൽജനത്തെ ക്രൂരമായി ഞെരുക്കിക്കൊണ്ടിരുന്നു. ക്ലേശമനുഭവിച്ച ഇസ്രായേൽജനം കർത്താവിനോട് തങ്ങളുടെ രക്ഷയ്ക്കായി നിലവിളിച്ചു. അവിടുന്ന് അവരുടെ തെറ്റുകൾ ചൂണ്ടിക്കാട്ടിയെങ്കിലും പലപ്പോഴും തന്നെ ഉപേക്ഷിച്ച് ദേവന്മാരെ സേവിച്ച അവരോട് കർത്താവരുൾച്ചെയ്തു. "ഇനിയൊരിക്കലും ഞാൻ നിങ്ങളെ രക്ഷിക്കുകയില്ല. പോയി നിങ്ങൾ തിരഞ്ഞെടുത്ത ദേവന്മാരോട് നിലവിളിക്കുവിൻ. കഷ്ടതയിൽനിന്ന് അവർ നിങ്ങളെ മോചിപ്പിക്കട്ടെ" (ന്യായാ 10,13-14). സ്നേഹിക്കുന്ന ഹൃദയത്തിനു പുറംതിരിഞ്ഞ ഇസ്രായേലിനോട് മറ്റെന്താണ് അവിടുത്തേക്ക് പറയാനുള്ളത്?

എന്നാൽ ശാഠ്യമുള്ള ബാലനെപ്പോലെ ഇസ്രായേൽ ദൈവത്തിന്റെ മുമ്പിൽ തന്റെ നിർബന്ധബുദ്ധി പ്രയോഗിക്കുന്നു. "ഞങ്ങൾ പാപം ചെയ്തുപോയി! അങ്ങേയ്ക്കിഷ്ടമുള്ളതു ഞങ്ങളോട് ചെയ്തുകൊള്ളുക. ഇക്കുറി ഞങ്ങളെ രക്ഷിക്കുക എന്നുമാത്രം ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവർ അന്യദേവന്മാരെ തങ്ങളുടെ ഇടയിൽ നിന്ന് നീക്കംചെയ്തു കർത്താവിനെ സേവിച്ചു" (ന്യായാ 10,15-16). ശിക്ഷിക്കാൻ ദൈവത്തിന് അറിയാം, എങ്കിലും കാരുണ്യമുള്ള ഹൃദയമാണിവിടെ ചൊരിയുന്നത്. വേദനിച്ച പിതാവിന്റെ ഹൃദയചിത്രം.

തന്റെ പക്കലേക്കു തിരിഞ്ഞ ഇസ്രായേൽ മക്കളുടെ കഷ്ടതകൾ കണ്ട കർത്താവ് രോഷാകുലനായി. അമ്മോന്യർ ഗിലയാദിൽ താവളമടിച്ച് യുദ്ധത്തിന് ഒരുങ്ങി, ഇസ്രായേൽജനം മിസ്പായിലും. അമ്മോന്യർ ഗിലയാദുകാരെ യുദ്ധത്തിൽ കൊന്നൊടുക്കിയപ്പോൾ, തങ്ങൾ പുറംതള്ളിയ സഹോദരനായ ജഫ്തായുടെ സഹായം തേടിക്കൊണ്ട് ഗിലയാദുകാർ ചെന്നു. ഗത്യന്തരമില്ലാതെയാണ് ഇസ്രായേൽക്കാർ ജഫ്തായെ സമീപിച്ചത്. ഗിലയാദിലെ ശ്രേഷ്ഠന്മാർ ജഫ്തായോട് പറഞ്ഞു. അമ്മോന്യരോടുള്ള യുദ്ധത്തിൽ നീ ഞങ്ങളെ നയിക്കണം. അവൻ അവരോട് ചോദിച്ചു. "നിങ്ങൾ എന്നെ വെറുക്കുകയും എന്റെ പിതാവിന്റെ ഭവനത്തിൽനിന്ന് അടിച്ചിറക്കുകയും ചെയ്തില്ലേ? അപകടത്തിൽപ്പെട്ടപ്പോൾ നിങ്ങൾ എന്റെയടുക്കൽ വന്നിരിക്കുന്നുവോ?"



(ന്യായാ 11,6-7). പിതൃഭവനത്തിൽനിന്ന് പുറത്താക്കപ്പെട്ടവന്റെ നീറുന്ന രോദനം. ശോകപുത്ര നായി കഴിയേണ്ടിവന്ന ജീവിതം. നീചസംഘത്തിന്റെ തലവനായിത്തീരുവാൻമാത്രം ഉപേക്ഷി ക്കപ്പെട്ടവൻ. ഭവനത്തിന്റെ സ്നേഹവാത്സല്യമോ സഹോദരസ്നേഹത്തിന്റെ സൗരഭ്യമോ നുക രുവാൻ സാധിക്കാതിരുന്നവൻ. വക്രതയും അക്രമവിദ്യകളും സ്വന്തമാക്കാൻമാത്രം കിട്ടിയ ചെറു പ്പകാലം. അശക്തനായിരുന്നപ്പോൾതന്നെ അവർ പുറത്താക്കി. എന്നാൽ തന്റെ ശക്തി അറി ഞ്ഞുകഴിഞ്ഞപ്പോൾ സഹായത്തിനായി കെഞ്ചുന്നു. ജഫ്താ തന്റെ മനസ്സിന്റെ നൊമ്പരങ്ങൾ പരിഹാസമായി പ്രമാണിമാരെ അറിയിക്കുന്നു. ഇസ്രായേൽ പ്രമാണിമാരെ അധിക്ഷേപിച്ചെ ങ്കിലും വ്യവസ്ഥകൾക്കു വിധേയമായി ജഫ്താ അവരെ സഹായിക്കാമെന്നു വാക്കുകൊടുത്തു. അമ്മോന്യരെ തോല്പിച്ചാൽ ഇസ്രായേലിന്റെ നേതാവായി തന്നെ അംഗീകരിക്കണമെന്നായി രുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം. അവർക്ക് അതിനു സമ്മതിക്കേണ്ടിവന്നു.

യുദ്ധത്തിനുള്ള തയ്യാറെടുപ്പുകളുമായി ജഫ്താ ഇസ്രായേൽക്കാരുടെ അടുത്തേക്കു വന്നു. അവൻ അമ്മോന്യരാജാവിനോട് ചോദിച്ചു. "എന്റെ ദേശത്തോട് യുദ്ധംചെയ്യാൻ നിനക്ക് എന്നോട് എന്താണ് വിരോധം?". ഇസ്രായേലിന്റെ പക്ഷം ചേർന്ന ജഫ്തായുടെ സ്വരവും സ്വഭാവവും മാറുന്നു. തന്നെ പുറത്താക്കിയിരുന്നെങ്കിലും പിതൃഭവനത്തോട് കൂറ് പുലർത്തുന്നു. അമ്മോ ന്യരാജാവിനോടുള്ള ചോദ്യം അത് വ്യക്തമാക്കുന്നു. "എന്റെ ദേശമെന്നും", "നിനക്ക് എന്നോട് എന്താണ് വിരോധ"മെന്നു അദ്ദേഹം ചോദിക്കുന്നു. ഒരുപക്ഷേ പിതൃഭവനത്തിലേക്കുള്ള തിരി ച്ചുവരവിൽ നഷ്ടമായതെല്ലാം സ്വന്തമായെന്ന ബോധ്യമാകാം. നമുക്കും സ്വന്തമാകേണ്ടത് ഈ തിരിച്ചറിവാണ് പിതൃഭവനത്തിന്റെ മാധുര്യം ആസ്വദിക്കണമെന്ന അഭിവാഞ്ഛ. ധൂർത്തപു ത്രൻ തന്റെ പിതാവിന്റെ ഭവനത്തിൽ തിരിച്ചെത്തിയപ്പോൾ ഉണ്ടായ സന്തോഷവും ആനന്ദവും അതിരില്ലാത്തതായിരുന്നല്ലോ!

ഈജിപ്തിൽനിന്നുവന്ന ഇസ്രായേൽജനം കൈവശപ്പെടുത്തിയ തന്റെ സ്ഥലം തിരികെ കിട്ടണമെന്ന് അമ്മോന്യരാജാവ് ആവശ്യപ്പെടുന്നു. എന്നാൽ നയപരമായ രീതിയിൽ തന്റെ ജനം കൈവശപ്പെടുത്തിയ സ്ഥലങ്ങളെപ്പറ്റിയുള്ള വസ്തുതകൾ ഒരു ദൂതൻ വഴി ജഫ്താ രാജാ വിന് വ്യക്തമാക്കി കൊടുത്തു. "അങ്ങനെ ഇസ്രായേലിന്റെ ദൈവമായ കർത്താവുതന്നെ തന്റെ ജനമായ ഇസ്രായേലിന്റെ മുമ്പിൽനിന്ന് അമ്മോന്യരെ തുരത്തിയിരിക്കെ നീ അവ കൈവശമാ

ക്കാൻ പോകുന്നുവോ? നിന്റെ ദൈവമായ കെമോഷ് നിനക്കു തരുന്നത് നീ കൈവശം വയ്ക്കുന്നില്ലേ? ഞങ്ങളുടെ ദൈവമായ കർത്താവ് ഒഴിപ്പിച്ചു തരുന്നതൊക്കെ ഞങ്ങൾ കൈവശമാക്കും" (ന്യായാ 11,22-24). എന്നാൽ ജഫ്തായുടെ ഈ സന്ദേശം അമ്മോന്യരാജാവ് വകവച്ചില്ല. കർത്താവിന്റെ ആത്മാവ് ജഫ്തായുടെമേൽ ആവസിച്ചു. അവൻ ഗിലയാദിലെ മിസ്പായിലേക്ക് കടന്ന് അമ്മോന്യരുടെ ദേശത്തേക്കുപോയി.

യുദ്ധത്തിനുമുൻപ് അക്കാലത്ത് രാജാക്കന്മാർ ചെയ്യാറുള്ളതുപോലെ ജഫ്തായും കർത്താവിന് ഒരു നേർച്ച നേർന്നു. "അങ്ങ് അമ്മോന്യരെ എന്റെ കയ്യിൽ ഏൽപ്പിക്കുമെങ്കിൽ ഞാൻ അവരെ തോല്പിച്ച് ജേതാവായി തിരികെ വരുമ്പോൾ എന്നെ എതിരേല്ക്കാൻ പടിവാതിൽക്കലേക്ക് ആദ്യം വരുന്നത് ആരായിരുന്നാലും അവൻ കർത്താവിന്റേതായിരിക്കും. ഞാൻ അവനെ ദഹനബലിയായി അവിടുത്തേക്ക് അർപ്പിക്കും" (ന്യായാ 11,30-31). ദൈവത്തിലാശ്രയിച്ചുകൊണ്ട് ജഫ്താ തന്റെ സൈന്യവുമായി ശത്രുവിനെ ആക്രമിക്കാൻ പുറപ്പെട്ടു. അദ്ദേഹം അമ്മോന്യരുടെ ഇരുപതു പട്ടണങ്ങൾ ആക്രമിച്ചു കീഴടക്കി.

വിജയശ്രീലാളിതനായി അദ്ദേഹം തിരികെവന്നു. യുദ്ധത്തിൽ വിജയിച്ചുവരുന്നവരെ ആഘോഷപൂർവ്വം സ്വീകരിക്കുന്ന രീതി ഇസ്രായേലിൽ ഉണ്ടായിരുന്നു. അതിൻപ്രകാരം ജഫ്തായുടെ ഏകമകൾ തപ്പുകൊട്ടി നൃത്തംവച്ച് അവനെ എതിരേല്ക്കാൻ വന്നു. അവൾ അവന്റെ ഏകസന്താനമായിരുന്നു. വേറെ മകനോ മകളോ അവനുണ്ടായിരുന്നില്ല. മകളെ കണ്ടപ്പോൾ അവൻ വസ്ത്രം കീറിക്കൊണ്ടു പറഞ്ഞു: "അയ്യോ! മകളേ, നീ എന്നെ ദുഃഖത്തിലാഴ്ത്തിയല്ലോ. നീ എന്നെ വല്ലാതെ വിഷമത്തിലാക്കിയിരിക്കുന്നു. ഞാൻ കർത്താവിനു വാക്കുകൊടുത്തു പോയി. നേർച്ചയിൽനിന്ന് പിൻമാറാൻ എനിക്ക് സാധിക്കയില്ല" (ന്യായാ 11,35).

ജഫ്തായുടെ മകൾ പറഞ്ഞു: "പിതാവേ, അങ്ങ് കർത്താവിനോട് വാക്ക് കൊടുത്തെങ്കിൽ അതനുസരിച്ച് എന്നോട് ചെയ്തുകൊള്ളുക". അവൻ കർത്താവിനോട് ചെയ്ത വാഗ്ദാനം നിറവേറ്റി. ദൈവജനത്തിന്റെ ഉപരിനന്മയ്ക്കായി തന്റെ ഏക മകളെ ദഹനബലിയാക്കിയ ജഫ്താ തന്റെ ദൈവത്തോടുള്ള നേർച്ച നിറവേറ്റുകയാണ്. പൂർവ്വപിതാവായ അബ്രാഹത്തിന്റെ വിശ്വാസതീക്ഷ്ണതയും സത്യസന്ധ്യതയും അദ്ദേഹം ഇവിടെ ആവർത്തിക്കുന്നു. ധൈര്യശാലിയായ ഒരു മോചകനാണ് ഇസ്രായേലിന്റെ ചരിത്രത്തിൽ ജഫ്താ. ഏറെ കുറവുള്ളവനെങ്കിലും സ്നേഹമുള്ളവനും സമർപ്പണബോധമുള്ളവനുമായിരുന്നു അവൻ. ഏക മകളെ ദഹനബലിയർപ്പിച്ചതിൽ ദൈവം പ്രസാദിച്ചുവോ? അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ആരാണ് വലുത്- ദൈവപിതാവോ ഏകപുത്രിയോ? ജഫ്താ ഇസ്രായേലിൽ ആറുവർഷം ന്യായപാലനം നടത്തി. മരണശേഷം സ്വന്തം പട്ടണമായ ഗിലയാദിൽ ജഫ്താ അടക്കപ്പെട്ടു. "അവിശ്വസ്തത അറിയാത്ത ഹൃദയത്തോടുകൂടിയ, കർത്താവിൽനിന്ന് പിരിഞ്ഞുപോകാത്ത, അനേകം ന്യായാധിപൻമാരുണ്ട്. അവരുടെ സ്മരണ അനുഗൃഹീതമായിരിക്കട്ടെ!" (പ്രഭാ 46,11).

**ജഫ്തായുടെ ജീവിതം തരുന്ന പാഠങ്ങൾ**

* *കർത്താവിൽനിന്ന് പിരിയാത്ത ഹൃദയം സ്വന്തമാക്കുക.*
* *വിശ്വാസതീക്ഷ്ണതയും സത്യസന്ധതയും പുലർത്തുക.*
* *സമർപ്പണചൈതന്യം നിലനിർത്തുക.*
* *ബോധ്യങ്ങൾ ഉറച്ചതായിരിക്കട്ടെ.*

# സെനക്കിൾ തരംഗം

### സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ ഉയിർപ്പുകാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഉത്ഥിതനായ ഈശോ ക്രൈസ്തവവിശ്വാസത്തിന്റെ ആധാരശിലയാണ്. ഉത്ഥാനംവഴി ഈശോ പാപത്തിന്റെയും മരണത്തിന്റെയുംമേൽ വിജയംനേടി. മനുഷ്യവംശത്തിന് നവജീവൻ പ്രദാനം ചെയ്ത് ഭാവിമഹത്ത്വത്തിലുള്ള, സ്വർഗീയമഹത്ത്വത്തിലുള്ള നമ്മുടെ പ്രത്യാശ വർദ്ധിപ്പിച്ച് നമ്മെ അനുഗ്രഹിച്ചു. ഉയിർപ്പുതിരുനാൾമുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണല്ലോ ഉയിർപ്പുകാലത്തിലുള്ളത്. ഇക്കാലത്തെ പ്രാർത്ഥനകളും വിശുദ്ധഗ്രന്ഥവായനകളും മിശിഹായുടെ ഉത്ഥാനത്തെക്കുറിച്ചും, പാപത്തിന്റെയും മരണത്തിന്റെയുംമേലുള്ള അവിടുത്തെ വിജയത്തെക്കുറിച്ചും കുരിശിന്റെ മഹത്ത്വീകരണത്തെക്കുറിച്ചുമൊക്കെ നമ്മെ ഓർമ്മിപ്പിക്കുന്നു. അനുദിനജീവിതസാഹചര്യങ്ങളിൽ ഉത്ഥിതന്റെ സാന്നിധ്യം തിരിച്ചറിയുവാനും അവിടുത്തോടൊപ്പം അദ്ധ്വാനിക്കുവാനും അവിടുന്ന് ഒരുക്കുന്ന മഹാവിരുന്നായ പരിശുദ്ധ കുർബാനയിൽ സജീവമായി പങ്കെടുത്ത് ആത്മീയജീവിതത്തിൽ കരുത്തു പ്രാപിക്കുവാനും നാം ദൈവജനത്തെ സഹായിക്കണം. അപ്രകാരം അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. പ്രാർത്ഥനാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

2022 ഫെബ്രുവരി, മാർച്ചു മാസങ്ങളിൽ പതിവുപോലെ ഓൺലൈനായി, സെനക്കിൾ സൊദാലസിന്റെയും ആസ്പിരൻസിന്റെയും മീറ്റിംഗുകൾ നടന്നു. സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറാൾ മല്പാനച്ചൻ ക്ലാസ്സുകൾ നയിച്ചു. 2022 മാർച്ച് 24, ഏപ്രിൽ 11 എന്നീ തീയതികളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗ് ഓൺലൈനായി നടത്തി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ അസംബ്ലി 2022 ആഗസ്റ്റ് 22 മുതൽ 26 വരെ റോമിൽ, സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇടവകയായ 'സാൻ ലിബോറിയോ'യിൽ വച്ച് നടത്തുവാൻ തീരുമാനമെടുത്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# ഈസ്റ്റർ-രഹസ്യവും മഹത്ത്വവും

**ബ്രദർ ഈപ്പൻ മരോട്ടിമൂട്ടിൽ**
**തിരുവല്ല രൂപത**

സഹനം മാറ്റുരയ്ക്കുന്ന കാലം അവസാനിക്കുകയായി. ഇനി ഈസ്റ്റർ കാലഘട്ടമാണ്. ദുഃഖം സന്തോഷമായി മാറ്റപ്പെടുന്ന ഒരു ഉത്സവമുണ്ടെങ്കിൽ ആ ഉത്സവത്തിന്റെ പേരാണ് ഈസ്റ്റർ. കണ്ണുനീർ പുഞ്ചിരിക്കു വഴിമാറിയ ദിനമാണ് ഈസ്റ്ററെങ്കിൽ തിന്മയുടെ അന്ധകാരം ദൈവപ്രകാശത്താൽ അടർന്നുവീഴുമെന്നുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് ഇത്. ഈസ്റ്റർ ഒരേ സമയം മിശിഹായുടെ മഹത്ത്വവും പുനരുത്ഥാനത്തിന്റെ രഹസ്യാത്മകതയും വിളിച്ചോതുന്നു. ആരവങ്ങളില്ലാത്ത മിശിഹായുടെ ഉയിർപ്പ് നമ്മെ അത്ഭുതപ്പെടുത്തേണ്ടതാണ്. പരസ്യജീവിതത്തിൽ അരങ്ങേറിയ അടയാളങ്ങളും അത്ഭുതങ്ങളും ഉത്ഥാനത്തിലേക്കുള്ള ചൂണ്ടുപലകകളായിരുന്നു. കല്ലറയിൽ കാണപ്പെട്ട വെള്ളക്കച്ച കണ്ട് പത്രോസും പ്രിയശിഷ്യനും യാത്രയായത് ദൈവരാജ്യത്തിന്റെ സന്ദേശം ലോകമെമ്പാടുമുള്ള മനുഷ്യരിലേക്ക് എത്തിക്കാനാണ്. മരണത്തിനുമുമ്പ് മിശിഹാ പറഞ്ഞ വചനങ്ങൾ വിശ്വസിക്കാൻ ഒരു സൂചന നൽകി അവൻ തന്റെ ശിഷ്യരെ യാത്രയാക്കി മറഞ്ഞിരിക്കുന്നത്, മനനത്തിനുശേഷം കൂടുതൽ വ്യക്തമായി ആഴത്തിൽ ശിഷ്യന്മാർ അവനെ വിശ്വസിക്കുവാനായിട്ടാണ്.


അതിനപ്പുറം ചില രഹസ്യാത്മകമാനങ്ങൾകൂടി ഉത്ഥാനാനുഭവത്തിൽ പറഞ്ഞുവയ്ക്കുന്നുണ്ട്. മൂന്നു വർഷം ഒപ്പം കൊണ്ടുനടന്നു പഠിപ്പിച്ച് അധികാരവും ഉത്തരവാദിത്വവും നൽകിയ തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് മിശിഹാ ആദ്യം പ്രത്യക്ഷനാകാതിരുന്നത് ദൈവരാജ്യത്തിന്റെ നിയമങ്ങളും പ്രവർത്തനങ്ങളും മാനുഷികയുക്തിക്ക് അനുസരിച്ചോ മനുഷ്യന്റെ ആഗ്രഹങ്ങൾക്കനുസരിച്ചോ അല്ല എന്ന് ഓർമ്മപ്പെടുത്തുന്നതിനുവേണ്ടിയാണ്. മരിച്ചവരിൽനിന്നുള്ള ആദ്യഫലമായ മിശിഹാ സകല പൈശാചികശക്തികളെയും തന്നെ ഉയിർപ്പിച്ച ആത്മാവിനാൽ പരാജയപ്പെടുത്തി. ആയതിനാൽ മരിച്ചുപോയ വിശ്വാസികളുടെ ആത്മാക്കൾ ഒന്നും നഷ്ടപ്പെട്ടില്ല. മിശിഹായുടെ പുനരുത്ഥാനം സകല മരിച്ചുപോയവരുടെയും പുനരുത്ഥാനത്തിന്റെ മുന്നോടിയാണ്, ഉറപ്പുമാണ്. മനുഷ്യവർഗം ആദത്തിന്റെ പാപംമൂലം മരണത്തിനു വിധേയമായെങ്കിൽ ഈശോമിശിഹാവഴി പാപത്തിൽനിന്നും മോചിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിൽ മിശിഹായെ പുതിയ ആദമായി പരിഗണിക്കുന്നു. പുനരുത്ഥാനത്തിന്റെ പ്രത്യാശയിലേയ്ക്ക് വിശ്വാസികൾ വളർന്നില്ലെങ്കിൽ ഇന്നുവരെയുള്ള തന്റെ പ്രസംഗം വ്യർത്ഥമാണെന്ന് പൗലോസ്ശ്ലീഹാ സാക്ഷിക്കുന്നുണ്ട്. ഇവിടെ വ്യർത്ഥമെന്നതുകൊണ്ട് പൗലോസ്ശ്ലീഹാ ഉദ്ദേശിക്കുന്നത് ശൂന്യതയാണ്. ഈശോമിശിഹാ മരിച്ച് ഉയിർത്തെഴുന്നേറ്റു എന്ന തന്റെ പ്രസംഗം ശൂന്യതയായി മാറുന്നുവെങ്കിൽ അത് രക്ഷാകരചരിത്രത്തിന്റെ നിഷേധിക്കപ്പെടലാണ്. അപ്രകാരമെങ്കിൽ ദൈവം പാപക്ഷമയിലൂടെ പുതുജീവൻ തന്നു എന്നത് നിഷേധിക്കേണ്ടിവരുന്നു. എന്നാൽ യഥാർത്ഥത്തിൽ ദൈവം നമുക്ക് പുനരുത്ഥാനം തന്റെ ഉത്ഥാനത്തിലൂടെ നേടിത്തന്നു. വിശ്വാസികളുടെ ജീവിതത്തിന് എപ്പോഴും ഉയിർത്തെഴുന്നേൽപ്പിന്റെ പ്രത്യാശയുണ്ട്.

മിശിഹായുടെ പുനരുത്ഥാനം ഒരിക്കലും തന്നെത്തന്നെ മഹത്ത്വപ്പെടുത്താനായിരുന്നില്ല. മറിച്ച്, തന്നെ അയച്ച പിതാവിനെ മഹത്ത്വപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു. പിതാവിന്റെ ഇച്ഛകൾ അനുസരിക്കുന്നതുവഴി മിശിഹാ അവിടുത്തെ നിരന്തരം മഹത്ത്വപ്പെടുത്തിക്കൊണ്ടിരുന്നു. അതിന് മിശിഹായ്ക്ക് കൈമുതലുണ്ടായിരുന്നത് പിതാവിനോടുള്ള നിസ്വാർത്ഥമായ സ്നേഹവും അഴത്തിലുള്ള തിരിച്ചറിവും മാത്രമായിരുന്നു.

ഇപ്രകാരം നമ്മുടെ ജീവിതത്തിലും ഉയിർപ്പ് തിരിച്ചറിവിന്റെ ആന്തരിക ആനന്ദമാകുന്നത് നാം ദൈവത്തെ സ്നേഹിക്കുകവഴി മാത്രമാണ്. വിശുദ്ധ പത്രോസിനെപ്പോലെ ഒരുനാൾ അവിടുത്തെ തള്ളിപ്പറഞ്ഞാലും അവന്റെ നോട്ടത്തിൽ ചങ്കുതകർന്ന് കരയുവാനുള്ള സത്യസന്ധത കൈവരിക്കാൻ അവിടുത്തെ സ്നേഹിക്കുക മാത്രം മതി. ഉത്ഥിതനായ മിശിഹാ നൽകുന്ന സമാധാന ആശംസ നമ്മുടെ ഹൃദയങ്ങളിൽ നിറയട്ടെ. ഉയിർപ്പുതിരുനാൾ നൽകുന്ന ശാന്തിയും സമാധാനവും സന്തോഷവും ഏറ്റവും സ്നേഹപൂർവ്വം എല്ലാവർക്കും ആശംസിക്കുന്നു.

***ഈസ്റ്റർ പ്രഘോഷണം ശ്രവിച്ച ഒരു മനുഷ്യന് പിന്നീട് ദുരന്തപരമായ മുഖഭാവത്തോടെ സഞ്ചരിക്കാനാവുകയില്ല. പ്രത്യാശയില്ലാത്തവന്റെ രസമില്ലാത്ത അസ്തിത്വം നയിക്കാനും കഴിയുകയില്ല.***

***ഫ്രീഡറിക് ഷില്ലർ***



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



മോളി വീമ്പനാടിയിൽ
അപ്പസ്തോലിക് ഒബ്ളേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**
പരിശുദ്ധ അമ്മേ, മാതാവേ, മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്ത നിന്റെ തിരുക്കുമാരന്റെ സമാധാനം ഏറ്റുവാങ്ങി ഉത്ഥിതന്റെ സന്തോഷത്തിന്റെ സാക്ഷികളാകുവാൻ എല്ലാ മനുഷ്യമക്കൾക്കുംവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**
പരിശുദ്ധ അമ്മേ, മാതാവേ, ഭൗതികസുഖങ്ങളുടെയും നേട്ടങ്ങളുടെയും പിന്നാലെ പരക്കംപാഞ്ഞ് സമാധാനം നഷ്ടപ്പെട്ട്, ഇരുളടഞ്ഞ ജീവിതവഴികളിൽ അലയുന്ന മക്കൾ, കൂടെനടക്കുന്ന ഉത്ഥിതന്റെ കരുണയുടെ പ്രകാശരശ്മികൾ കാണുവാനും തിരിച്ചറിയുവാനുംവേണ്ടി അമ്മ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**
പരിശുദ്ധ അമ്മേ, മാതാവേ, യുദ്ധത്തിന്റെ കെടുതികൾമൂലം പ്രതീക്ഷ നഷ്ടപ്പെട്ട് കഷ്ടതകളനുഭവിക്കുന്ന മക്കൾ ഉത്ഥിതന്റെ രക്ഷയുടെ സാന്നിധ്യമായ പരിശുദ്ധാത്മാവിന്റെ അത്ഭുതശക്തി അനുഭവിച്ചറിയുവാൻ അമ്മ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**
പരിശുദ്ധ അമ്മേ, മാതാവേ, തിന്മയുടെ സ്വാധീനത്താൽ പലവിധ ദുശ്ശീലങ്ങൾക്കടിമപ്പെട്ട്, ബന്ധിതരായിക്കഴിയുന്ന ഓരോ മക്കൾക്കും ഉത്ഥിതന്റെ രക്ഷയുടെ മോചനം ലഭിക്കാൻ അമ്മ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**
പരിശുദ്ധ അമ്മേ, മാതാവേ, മഹാമാരിയും മാറാരോഗങ്ങളുംമൂലം വേദനയനുഭവിക്കുന്ന എല്ലാ മക്കളും ഉത്ഥിതനായ ഈശോയുടെ സ്നേഹസ്പർശനം ഏറ്റുവാങ്ങി, സൗഖ്യവും സമാധാനവും പ്രതീക്ഷയും അനുഭവിക്കുന്നവരാകാൻ അമ്മ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

ഉന്നതത്തിൽനിന്ന്
ദൈവികശക്തി നമ്മുടെ പക്കലേക്കിറങ്ങി വന്നു.
ഉദരത്തിൽനിന്ന് പ്രത്യാശ നമുക്കായി പ്രകാശിച്ചു.
കല്ലറയിൽനിന്ന് ജീവൻ നമുക്ക് ഉദിച്ചു.
വലത്തുഭാഗത്ത് രാജാവ് നമുക്കുവേണ്ടി ഇരിക്കുന്നു.
അവന്റെ മഹത്ത്വം വാഴ്ത്തപ്പെട്ടതാകുന്നു.
ഉന്നതത്തിൽനിന്ന് നദിപോലെ അവൻ ഒഴുകി.
മറിയത്തിൽനിന്ന് വേരിൽനിന്നെന്നപോലെ
അവൻ പൊട്ടിമുളച്ചു.
കുരിശിൽനിന്ന് ഫലസമാനം അവൻ ഇറങ്ങിവന്നു.
ആദ്യഫലമായി അവൻ സ്വർഗത്തിലേക്ക് കരേറി.
അവന്റെ തിരുഹിതം വാഴ്ത്തപ്പെട്ടതാകുന്നു.
(മാർ അപ്രേം, പെസഹാഗീതങ്ങൾ 1,5-6)



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th April 2022

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ദയാനിധിയായ കർത്താവേ
അധഃപതിച്ച ഞങ്ങൾ ജഡത്തിന്റെ പ്രവൃത്തികളെ
ആത്മാവിനാൽ നിഹനിച്ച് പഴയ മനുഷ്യനെ അവന്റെ
ചെയ്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ
ധരിക്കുവാനും മിശിഹായോടുകൂടെ ഉയിർത്തെഴുന്നേറ്റ്
ഉയരങ്ങളിലുള്ളതിനെപ്പറ്റി ചിന്തിക്കുവാനും
സനാതനസൗഭാഗ്യത്തിൽ വന്നെത്തുവാനും
ഞങ്ങളെ സഹായിക്കണമേ.
(ഉയിർപ്പുകാലം, വ്യാഴം - റംശാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph:0481- 2578192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal